1·T

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 301          13 - 07 - 2010 ൽ മറുപടിക്ക്**

## പ്രവാസി കേരളീയർക്കുള്ള ഹെറിറ്റേജ് വില്ലേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എം. മോനായി : | ശ്രീ. വി. എസ്. അച്യുതാനന്ദൻ |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | (മുഖ്യമന്ത്രി) |
| ശ്രീ. മഞ്ഞളാംകുഴി അലി : | |
| ശ്രീമതി. കെ. എസ്. സലീഖ : | |
| (എ) പ്രവാസി കേരളീയർക്കായി ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | (എ) പദ്ധതി നടത്തിപ്പിനു വേണ്ടി സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ച കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ചിറയിൻകീഴ് താലൂക്കിലെ ഇടവാ, അയിരൂർ വില്ലേജുകളിലായി ഏകദേശം 337 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സാധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയെക്കുറിച്ചുള്ള ആശയം പഠിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി സാധ്യതാ പഠനം നടത്താൻ കഴിഞ്ഞ സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന് 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (ബി) ഹെറിറ്റേജ് വില്ലേജ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി)പ്രവാസി കേരളീയർക്കും അവരുടെ മാതാപിതാക്കൾക്കും. വേണ്ടി ഗ്രാമത്തിൽ തന്നെ ഒരു നഗരത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ടും കേരളത്തനിമയും കേരള സംസ്കാരവും നിലനിർത്തിക്കൊണ്ടും സ്വയംപര്യാപ്തമായ ഒരു ടൗൺഷിപ്പെന്നനിലയിലാണ് ഹെറിറ്റേജ് വില്ലേജ് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. |

| | |
|---|---|
| (ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; | (ഡി) ഗവൺമെന്റിന്റേയും പ്രവാസികളുടെയും മൂലധനം പദ്ധതിയിൽ പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ സാധ്യതാ പഠനം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം നടത്തിയതിനു ശേഷം കൃത്യമായ ധനസമാഹരണത്തെപ്പറ്റി തീരുമാനിക്കുന്നതാണ്. |
| (ഇ) ആയതിലേക്ക് പ്രവാസികളുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; | (ഇ)പദ്ധതിയുടെ ആശയം നോർക്ക - റൂട്ട്സ് കമ്പനിയുടെ ബോർഡ് മീറ്റിംഗിൽ അവതരിപ്പിച്ച് പദ്ധതിയെക്കുറിച്ച് പ്രവാസികളുടെ അഭിപ്രായം അറിയുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (എഫ്)പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്? | (എഫ്)പദ്ധതി നടത്തിപ്പിനായി സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ച കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രാഥമിക കണക്കനുസരിച്ച് ഏകദേശം 750 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 302 — 13.07.2010-ൽ മറുപടിയ്ക്ക്

### വരയാടുകളുടെ സംരക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ.<br>ശ്രീ. കെ.കെ. ജയചന്ദ്രൻ.<br>ശ്രീ. എസ്. രാജേന്ദ്രൻ.<br>പ്രൊഫ. സി. രവീന്ദ്രനാഥ്. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. വംശനാശ ഭീഷണി നേരിടുന്ന അപൂർവ്വ മൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള, കേന്ദ്ര വന്യമൃഗ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയ വരയാടുകളെ, സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | എ. വരയാടുകളുടെ സംരക്ഷണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.<br><br>**(അനുബന്ധം - I)**<br><br>• വരയാടുകളുടെ ലോകത്തിലെ ഏറ്റവും വലിയ സഞ്ചയമുള്ള ഇരവികുളം ഒരു ദേശീയോദ്യാനമായി പ്രഖ്യാപിച്ച് 1978 മുതൽ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>• ആവാസ വ്യവസ്ഥകളിൽ ബാഹ്യ ഇടപെടലുകൾ ഒഴിവാക്കുന്നതിന് സന്ദർശകരുടെ പ്രവേശനം കർശനമായി നിയന്ത്രിച്ചു വരുന്നു.<br><br>• വരയാടുകളുടെ പ്രജനനകാലത്ത് സന്ദർശകരെ തീർത്തും ഒഴിവാക്കുന്നു.<br><br>• വരയാടുകൾക്ക് ഏറ്റവും അനുയോജ്യ ആവാസ വ്യവസ്ഥയായ ചോലക്കാടുകളും പുൽമേടുകളും കാട്ടുതീ ഉണ്ടാകാതെയും കളനിർമ്മാർജ്ജനം ചെയ്തും സംരക്ഷിച്ചു വരുന്നു.<br><br>• വരയാടുകളുടെ സഞ്ചയത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ വിലയിരുത്തുന്നതിനായി എല്ലാ വർഷവും ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകളുടെ സെൻസസ് നടത്തുന്നുണ്ട്.<br><br>• കൂടാതെ വരയാടുകളെയും അവയുടെ ആവാസ |

വ്യവസ്ഥയെയും സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽഅവബോധം സൃഷ്ടിക്കുന്നതിനും ജനപിന്തുണ ഉറപ്പാക്കുന്നതിനുമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

- ഇരവികുളത്തിനു പുറമെ മറ്റു വനം ഡിവിഷനുകളിലെ സമാന ആവാസ വ്യവസ്ഥയുള്ള സ്ഥലങ്ങളിലും വരയാടുകളുടെ സംരക്ഷണത്തിനായി പ്രത്യേക ശ്രദ്ധ നൽകി വരുന്നു.

- വരയാടുകളുടെ ഒറ്റപ്പെട്ട കൂട്ടങ്ങൾ കാണപ്പെടുന്ന റാന്നി വനം ഡിവിഷനിലെ ഗുഡ്രിക്കൽ മണ്ണാർക്കാട് വനം ഡിവിഷനിലെ മുത്തിക്കുളം, നിലമ്പൂർ സൗത്ത് ഡിവിഷനിലെ ന്യൂ അമരമ്പലം തുടങ്ങിയ പ്രദേശങ്ങളെ ഉയർന്ന ജൈവവൈവിധ്യമൂല്യമുള്ള പ്രദേശങ്ങളുടെ പരിപാലനത്തിനായി 2009-10 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ സംയോജിത വന്യജീവി ആവാസ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കുന്നു.

**ബി.** സംസ്ഥാനത്ത് ഇപ്പോൾ എത്ര വരയാടുകൾ ഉണ്ട് ; ഇവ ഏതെല്ലാം പ്രദേശങ്ങളിലാണ് ഉള്ളത് ;

**ബി.** 2010 ഏപ്രിൽ മാസത്തിൽ ഇരവികുളം ദേശീയോദ്യാനത്തിൽ നടത്തിയ കണക്കെടുപ്പ് അനുസരിച്ച് അവിടെ 776 വരയാടുകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

2002 ൽ കേരള വന ഗവേഷണ സ്ഥാപനം നടത്തിയ പഠനം അനുസരിച്ച് ഇരവികുളം ദേശീയോദ്യാനം ഒഴികെയുള്ള സ്ഥലങ്ങളിൽ 302 വരയാടുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

**സി.** വരയാടുകളുടെ സംരക്ഷണത്തിനായി, കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ;

**സി.** വരയാടുകളുടെ സംരക്ഷണപ്രദേശമായ ഇരവികുളം ദേശീയോദ്യാനത്തിന്റെ പരിരക്ഷയ്ക്കായി എല്ലാ വർഷവും കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ച് അംഗീകാരം ലഭിച്ചു വരുന്നു.

**ഡി.** പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം കേരളത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

**ഡി.** ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകളുടെ സംരക്ഷണത്തിനായുള്ള പരിപാടികൾ നടപ്പാക്കുന്നതുവഴി ഉണ്ടാകുന്ന പ്രധാന നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(അനുബന്ധം - II)

- ദക്ഷിണേന്ത്യയിലെ ഏക കാട്ടാടായ വരയാടിന്റെ ഏറ്റവും വലിയ സഞ്ചയം സംരക്ഷിച്ച് നിലനിർത്താൻ കഴിയുന്നു.

- പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം വരയാടുകളുടെ സംരക്ഷണത്തോടൊപ്പം തന്നെ ചോലക്കാടുകളും പർവ്വത പുൽമേടുകളും ഉൾപ്പെടുന്ന ആവാസ വ്യവസ്ഥയുടെ സമഗ്ര സരക്ഷണവും ഉറപ്പു വരുത്താൻ കഴിയുന്നു.

- ചോലക്കാടുകളും പുൽമേടുകളും പ്രധാന ജലസ്രോതസുകളാണ്. ചാലക്കുടി പുഴ, ഇടമലയാർ, പാമ്പാർ തുടങ്ങിയ നദികളിലേക്കുള്ള ചില പ്രധാന പോഷക നദികളിൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാൻ കഴിയുന്നു.

- വരയാടുകളുടെ സംരക്ഷണം മുൻനിർത്തിയുള്ള ഇക്കോഡവലപ്മെന്റ് പ്രവർത്തനങ്ങൾ വഴി കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലായി 52,777മനുഷ്യ പ്രവർത്തി ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ഇതുമൂലം ആദിവാസികളുൾപ്പെടെയുള്ള തദ്ദേശവാസികൾക്ക് ഉപജീവനമാർഗ്ഗം സൃഷ്ടിക്കാൻ കഴിഞ്ഞു.

- ഇക്കോടൂറിസം പരിപാടികൾ വഴി അനേകം ആളുകൾക്ക് ഈ പ്രദേശം പരിസ്ഥിതിക്ക് ആഘാതം ഉണ്ടാകാത്ത തരത്തിൽ സന്ദർശിക്കുവാനും പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

ഇരവികുളം ദേശീയോദ്യാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ വഴി കഴിഞ്ഞ സാമ്പത്തിക വർഷം 87.16 ലക്ഷം രൂപ സർക്കാർ റവന്യൂ സമാഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 303 — 13.7.2010 ൽ മറുപടിക്ക്

## റസ്റ്റ് ഹൗസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. വി.ശിവൻകുട്ടി:<br>ശ്രീ. വി.എൻ. വാസവൻ:<br>ശ്രീ. രാജു എബ്രഹാം: | ഡോ. ടി.എം.തോമസ് ഐസക്<br>**(ധനകാര്യവും**<br>**പൊതുമരാമത്തും വകുപ്പു മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദ മാക്കുമോ; | (എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണ ത്തോടനുബന്ധിച്ച് നിലവിലുള്ള കെട്ടിടങ്ങളിലെ മുറികൾ പൂർണ്ണമായും നവീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റസ്റ്റ് ഹൗസ് നിലനിൽക്കുന്ന സ്ഥലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ചിലയിടങ്ങളിൽ കൂടുതൽ നിലകൾ പണിത് സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്ഥല ലഭ്യതയനുസരിച്ച് പുതിയ ബ്ളോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. റസ്റ്റ് ഹൗസുകളുടെ നവീകരണത്തോടനുബന്ധിച്ച് വി.ഐ.പി. മുറികളിൽ എയർ കണ്ടീഷണിംഗ്, റ്റി.വി. മുതലായ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി വരുന്നു. |
| (ബി) ഏതെല്ലാം റസ്റ്റ് ഹൗസുകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട് ; | (ബി) തിരുവല്ല റസ്റ്റ്ഹൗസിലെ VIP മുറി, തൊടുപുഴ റസ്റ്റ് ഹൗസിലെ പുതിയ ബ്ളോക്ക്, ഫോർട്ട് കൊച്ചി റസ്റ്റ്ഹൗസ്, കൊല്ലം റസ്റ്റ്ഹൗസ് അനക്സ് ബിൽഡിംഗ് എന്നിവയുടെ നവീകരണം പൂർത്തിയായിട്ടുണ്ട്.. |

....2

(സി) റസ്റ്റ് ഹൗസുകളിൽ കൂടുതൽ ബ്ളോക്കുകൾ നിർമ്മിച്ച് താമസ സൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി റസ്റ്റ് ഹൗസുകളിൽ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ചും സ്ഥലത്തിന്റെ പ്രാധാന്യം കണക്കിലെടുത്തും കൂടുതൽ ബ്ളോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെടുമങ്ങാട്, കരുനാഗപ്പള്ളി, ആറന്മുള സത്രം, കോതമംഗലം, ചങ്ങനാശ്ശേരി എന്നീ റസ്റ്റ് ഹൗസുകളിൽ പുതിയ ബ്ളോക്കുകൾ പണിയുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ ചേലക്കര, കടുത്തുരുത്തി, എന്നീ പുതിയ റസ്റ്റ് ഹൗസുകളുടെ നിർമ്മാണവും നടന്നു വരുന്നു.

(ഡി) റസ്റ്റ്ഹൗസുകളിലെ മിച്ചമുള്ള ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുമോ?

(ഡി) ഓരോ റസ്റ്റ് ഹൗസിനോടും അനുബന്ധിച്ചുള്ള സ്ഥലം റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കും, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമായി ഉപയോഗിച്ചു വരുന്നു. കൂടാതെ കേരളത്തിലെ റസ്റ്റ് ഹൗസുകൾ എങ്ങനെ മെച്ചപ്പെടുത്താമെന്നതിനെക്കുറിച്ചും റസ്റ്റുഹൗസുകളോടനുബന്ധിച്ചുള്ള ഭൂമി എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാമെന്നതിനെ സംബന്ധിച്ചും കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 304 — 13.07.2010 ൽ മറുപടിയ്ക്ക്

ജൈവ വൈവിധ്യ ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.പി.ടി.എ.റഹീം | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം; | (എ) 2002 ലെ ജൈവവൈവിദ്ധ്യ നിയമത്തിൻെറ 23-ാം വകുപ്പു പ്രകാരമുള്ള ചുമതലകളും, 2008 ലെ ജൈവവൈവിദ്ധ്യ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരമുള്ള ചുമതലകളും ഈ ചുമതലകൾ നിർവ്വഹിക്കുന്നതിനായി അംഗീകരിച്ച് തയ്യാറാക്കി യിരിക്കുന്ന സംസ്ഥാന ജൈവവൈവിദ്ധ്യ തന്ത്രങ്ങളും കർമ്മപദ്ധതികളും നടപ്പിലാ ക്കുന്നതിൻെറയും ഭാഗമായി ഇപ്പോൾ സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുന്നു.<br>1.സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ നിർണ്ണയി ക്കുന്നതിനും അവയുടെ ജൈവവൈവിദ്ധ്യം രേഖപ്പെടുത്തുന്നതിനുമായി എല്ലാ തണ്ണീർ ത്തടങ്ങളുടെയും ഭൂപടം തയ്യാറാക്കി സൗജന്യ ഉപയോഗത്തിനായി ഇന്റർനെറ്റിലൂടെ ലഭ്യമാ ക്കുന്നു.<br>2.നിയമാനുസൃത ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (BMCs) എല്ലാ ഗ്രാമപഞ്ചായ |

ത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നു. ഇരുന്നൂറിലധികം ബി.എം.സി.കൾ രൂപീകരിച്ചു കഴിഞ്ഞു.

3.നിയമാനുസൃത ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്റർ (PBR) എല്ലാ ഗ്രാമപഞ്ചായത്തുകളിലും 31.01.2011 നു മുമ്പായി തയ്യാറാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നു.

4. സംസ്ഥാനത്തെ സസ്യ-ജന്തു ജാലങ്ങളെ സാധാരണക്കാർ തിരിച്ചറിയുന്നതിനും, അവയുടെ പ്രത്യേകത, പ്രയോജനം എന്നിവ രേഖപ്പെടുത്തുന്നതിനുമുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കുന്നു.

5.സംസ്ഥാനത്തെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിൻെറയും സുസ്ഥിര വികസനത്തിനായി അവ ന്യായയുക്തമായ രീതിയിൽ ഉപയോഗിക്കേണ്ടതിൻെറയും പ്രാധാന്യം പ്രദർശിപ്പിക്കുന്ന പരസ്യവസ്തുക്കൾ തയ്യാറാക്കുന്നു.

6.ജൈവവൈവിദ്ധ്യ നിയമത്തിലെ വ്യവസ്ഥകൾ, ജൈവവൈവിദ്ധ്യ സംരക്ഷണത്തിൻെറയും അവയിൻമേലുള്ള പ്രാദേശിക സമൂഹത്തിൻെറ ബൗദ്ധിക സ്വത്തവകാശങ്ങളെപ്പറ്റിയും എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും പരിശീലനം സംഘടിപ്പിക്കുന്നു.

7.കാർഷിക ജൈവവൈവിദ്ധ്യ സംരക്ഷണത്തിൻെറ പ്രാധാന്യവും പ്രയോജനവും പ്രദർശിപ്പിക്കുന്ന ഒരു പൈലറ്റ് പദ്ധതി പാലക്കാട് ജില്ലയിലെ എരിമയൂർ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

8.ജൈവവൈവിദ്ധ്യ സംരക്ഷണത്തെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും പ്രായോഗികമായി ബോദ്ധ്യപ്പെടുത്തുന്നതിനും. സ്കൂൾ/കോളേജ് തലത്തിൽ അതാത് സ്ഥാപനങ്ങളുമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പാക്കാൻ ധനസഹായവും, സാങ്കേതിക സഹായവും നൽകുന്നു.

9.ക്യാമ്പസ് ജൈവവൈവിദ്ധ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള വിദ്യാലയങ്ങളെ ഉൾപ്പെടുത്തി ജൈവ വൈവിദ്ധ്യ മേള വർഷം തോറും സംഘടിപ്പിക്കുന്നു.

10.സംരക്ഷിത വനപ്രദേശങ്ങൾക്കു പുറത്തുള്ള ജൈവവൈവിദ്ധ്യ പ്രാധാന്യമുള്ള വന മേഖലകളെ കണ്ടെത്തി സംരക്ഷണ നടപടികൾ സ്വീകരിക്കാനായി ഒരു വിദഗ്ധ പഠനം നടത്തി വരുന്നു.

11.ജലപക്ഷികളുടെ വാർഷിക കണക്കെടുപ്പ്.

12.കൊറ്റില്ല സംരക്ഷണവും, കൊറ്റി വർഗ്ഗ പക്ഷികളുടെ കണക്കെടുപ്പും.

13.പ്രധാന നദികളിലെ മൽസ്യസമ്പത്തു സംബന്ധിച്ച പഠനം.

14. വർഗ്ഗീകരണം(Taxonomy) സംബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും വൈദഗ്ദ്ധ്യം ലഭിക്കുന്നതിനുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു.

15.ജൈവകൊള്ള, പരമ്പരാഗത നാട്ടറിവുകൾ എന്നിവ സംബന്ധിക്കുന്ന ശിൽപശാലകൾ

സംഘടിപ്പിക്കുന്നു.

16.ജനിതക വ്യതിയാനം വരുത്തിയ വിത്തുകളെയും ഭക്ഷ്യവസ്തുക്കളെയും പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി ദേശീയ തലത്തിലുള്ള ശിൽപശാലകൾ സംഘടിപ്പിക്കുന്നു.

17.സംസ്ഥാനത്ത് ഒരു ജൈവവൈവിദ്ധ്യ മ്യൂസിയം സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുന്നു.

18.ജൈവവൈവിദ്ധ്യ/പരിസ്ഥിതി സംരക്ഷണ മേഖലകളിൽ പ്രശംസനീയമായ പ്രവർത്തനങ്ങളും സംഭാവനകളും നൽകിയ വ്യക്തി,സ്ഥാപനം, പത്രപ്രവർത്തകൻ, വിദ്യാലയം എന്നിവർക്ക് വർഷം തോറും ' ഹരിത അവാർഡ് ' നൽകുന്നു.

19. സംസ്ഥാനത്തെ തീരദേശ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി ഒരു തീരദേശ ആവാസ വ്യവസ്ഥ സംരക്ഷണ പദ്ധതി, കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിൽ നടപ്പാക്കുന്നു. കൂടാതെ എല്ലാ തീരദേശ തണ്ണീർത്തടങ്ങളുടെയും രൂപടം തയ്യാറാക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കുന്നു.

20.തണ്ണീർത്തടങ്ങളുടെ സുസ്ഥിര ഉപയോഗം വഴി, അവിടങ്ങളിലെ ജൈവവൈവിദ്ധ്യ വർദ്ധനവ് ഉറപ്പാക്കുന്നതിനും, തദ്ദേശവാസികൾക്ക് സ്ഥിര വരുമാനം ഉണ്ടാക്കുന്നതിനുമുള്ള ഒരു വിവിധോദ്ദേശ പൈലറ്റ് പദ്ധതി മലപ്പുറം ജില്ലയിലെ വെളിയംകോട് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

21.ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുന്നതിൻെറ ഭാഗമായി സർക്കാരിൻെറ പരിസ്ഥിതി നയം, ജൈവകൃഷി നയം, ജൈവവൈവിദ്ധ്യ കർമ്മ പദ്ധതി എന്നിവ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചു. കൂടാതെ സംസ്ഥാനത്തെ ഭൂവിനിയോഗ നയം രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്ന കമ്മിറ്റിയിൽ ബോർഡ് ചെയർമാൻ അദ്ധ്യക്ഷനായി പ്രവർത്തിക്കുകയും കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

22.ജൈവവൈവിദ്ധ്യ സംരക്ഷണം പ്രധാന വിഷയമായിട്ടുള്ള ദേശീയ/സംസ്ഥാനതല സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, മേളകൾ, ശാസ്ത്രീയ സമ്മേളനങ്ങൾ, എന്നിവയുടെ നടത്തിപ്പിൽ പങ്കാളികളാവുകയും ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പഞ്ചായത്തുകളിൽ ജനകീയ ജൈവ വൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് ബോർഡ് എന്തെല്ലാം സഹായമാണ് നൽകിയിട്ടുള്ളത്;

(ബി) 1.ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്ത് എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും പരിശീലനം നല്കി.

2.പഞ്ചായത്തുതല ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ(ബി.എം.സി) രൂപീകരിക്കുന്നതിന് സഹായം നൽകി.

3.ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകി.

4.രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പഞ്ചായത്തുതല പദ്ധതി നിർവ്വഹണ ജീവനക്കാർക്കുള്ള പ്രതിഫലം അനുവദിച്ചു.

5.പഞ്ചായത്തുതലത്തിൽ ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ, പഞ്ചായത്ത് കോ-ഓർഡിനേറ്റർ, ഒരു വാർഡിൽ അഞ്ച് ഡാറ്റാ കളക്ഷൻ വോളണ്ടിയർ, പഞ്ചായത്തുതല സാങ്കേതിക ഉപദേശക സമിതി അംഗങ്ങൾ, പഞ്ചായത്തിലെ മുതിർന്ന പൗരന്മാർ, പരിസ്ഥിതി പ്രവർത്തകർ എന്നിവർക്ക് രജിസ്റ്റർ നിർമ്മാണം സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകി.

6.ജില്ലാ തലത്തിൽ ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണ മേൽനോട്ടം നിർവ്വഹിക്കുന്നതിനായി എല്ലാ ജില്ലയിലും കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചു.

7.സംസ്ഥാന തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രണ്ട് കീ റിസോഴ്സ് പേഴ്സൺ, രണ്ട് അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നിവരെ നിയോഗിച്ചു.

8.ഈ വർഷം പ്രത്യേകമായി എല്ലാ ജില്ലകളിലും 5 പ്രോജക്റ്റ് ഫെല്ലോമാരെ നിയോഗിച്ചിട്ടുണ്ട്.

9.രജിസ്റ്റർ തയ്യാറാക്കാനുള്ള എല്ലാ ഫോറങ്ങളും അച്ചടിച്ച് വിതരണം ചെയ്തു.

10.രജിസ്റ്റർ തയ്യാറാക്കാനാവശ്യമായ സാമ്പത്തിക ചെലവുകൾ ബോർഡ് തന്നെ വഹിച്ചു.

| | | | |
|---|---|---|---|
| (സി) | ഈ വർഷം ജൈവ വൈവിധ്യ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ഉണ്ട്. ജൈവ വൈവിധ്യ സംരക്ഷണ പരിപാടികളുടെ ഭാഗമായി ബോർഡ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ കൂടാതെ താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>1.ഒരു ജില്ലയിൽ 5 സ്ക്കൂളുകൾക്കു വീതം തണ്ണീർത്തട സംരക്ഷണ പദ്ധതികൾക്കായി 5000 രൂപ വീതം നൽകുന്നതിന്.<br>2.ഒരു ജില്ലയിൽ 10 സ്ക്കൂളുകൾക്കു വീതം മഹാത്മജി ജൈവോദ്യാനം എന്ന പേരിൽ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന നാടൻ വൃക്ഷ സംരക്ഷണത്തിനായി 3000 രൂപ വീതം നൽകുന്നതിന്.<br>3.സ്ക്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്നതിന്<br>4.പൊതുജനങ്ങൾക്കായി ജൈവവൈവിധ്യ സംരക്ഷണ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്<br>5.പ്രാദേശിക സഹകരണത്തോടെ കാവുകളുടെ സംരക്ഷണം<br>6.വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ജൈവ വൈവിധ്യ അധിഷ്ഠിത ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന സാമ്പത്തിക സഹായം നൽകുന്നതിന്<br>7. സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ഒരു ആനുകാലിക |

പ്രസിദ്ധീകരണം ആരംഭിക്കുന്നതിന്

8.ജൈവ വൈവിധ്യ വിഷയങ്ങളിൽ ഒരു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന്.

9.വംശനാശം സംഭവിക്കുന്ന സസ്യ ജന്തു വർഗ്ഗങ്ങളുടെ സംരക്ഷണത്തിനായി പദ്ധതി നടപ്പാക്കുന്നതിന്.

| | | | |
|---|---|---|---|
| (ഡി) | സർക്കാരിന്റെ പരിസ്ഥിതി നയം വിശദീകരിക്കുന്നതിന് ബോർഡിന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുമോ ? | (ഡി) | സർക്കാരിന്റെ പരിസ്ഥിതി നയം പ്രഖ്യാപിച്ചിട്ടുണ്ട്. അതിനനുസൃതമായി ബോർഡ് നടപ്പാക്കേണ്ട പദ്ധതികൾ വാർഷിക പദ്ധതികളായി നടപ്പാക്കി വരുന്നു. മേൽ വിവരിച്ച പ്രത്യേക പദ്ധതികൾ ഇക്കൂട്ടത്തിൽ വരുന്നതാണ്. |

Haseena Kalluth

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **305** **13.07.2010** - ൽ മറുപടിക്ക്

**ഇടത്തരക്കാരായ പ്രവാസി മലയാളികൾക്ക് ഭവനനിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. വി.എസ്. സുനിൽകുമാർ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഇടത്തരക്കാരായ പ്രവാസി മലയാളികൾക്ക് വേണ്ടി ഭവന നിർമ്മാണ ബോർഡിൻെറ ആഭിമുഖ്യത്തിൽ ഭവന പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം ഭവനനിർമ്മാണ ബോർഡിൻെറ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പുതുക്കിയ ബിൽഡിംഗ് റൂൾ പ്രകാരം പദ്ധതി ആവിഷ്ക്കരിച്ചുവരികയാണ്. |
| (സി) നഗര പ്രദേശങ്ങളിലെ തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന ഇന്നവേറ്റീവ് ഹൗസിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്.<br>എറണാകുളത്ത് തൃക്കാക്കരയിലും (36 ഫ്ളാറ്റ്), തിരുവനന്തപുരത്ത് പൂജപ്പുരയിലും (16 ഫ്ളാറ്റ്) ഇന്നവേറ്റീവ് ഹൗസിംഗ് പദ്ധതി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഈ രണ്ടു പദ്ധതികളുടേയും പണി പൂർത്തീകരിച്ചു വരുന്നതേയുള്ളു. കൂടാതെ ഈ സാമ്പത്തിക വർഷം (2010-11) 250 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് അതിൻപ്രകാരം ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി തൃശ്ശൂരിൽ കുട്ടനെല്ലൂരും തിരുവനന്തപുരത്ത് പൂജപ്പുരയിലും 24 ഫ്ളാറ്റുകൾവീതം നിർമ്മിക്കുന്നതിനുമുള്ള പദ്ധതി തത്വത്തിൽ അംഗീകരി |

ച്ചിട്ടുണ്ട്. 2010 ആഗസ്റ്റിൽ പണി ആരംഭിച്ച് 2011 ജൂലൈയിൽ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, വാടക, തുടങ്ങിയവയ്ക്കായുള്ള നിബന്ധനകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

(ഡി) ഉണ്ട്. മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 306 13.7.2010-ൽ മറുപടിയ്ക്ക്

## ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.കെ. രാജു. | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഗോസുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. മൃഗസംരക്ഷണവകുപ്പും കെ.എൽ.ഡി.ബോർഡും സംയുക്തമായി ക്ഷീരവികസന വകുപ്പിന്റേയും മിൽമയുടേയും സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങൾ എത്ര വീതം കന്നുകാലി കർഷകർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ; | ബി) ഈ പദ്ധതിയിൽ 2 മുതൽ 10 വയസ് പ്രായമുള്ള സങ്കരയിനം കറവമാടുകളെ 1 വർഷം മുതൽ 3 വർഷം വരെ ഇൻഷ്വർ ചെയ്യുന്നു. അവയുടെ മാർക്കറ്റ് വില നിശ്ചയിച്ച് ആ തുകയ്ക്ക് ഇൻഷ്വർ ചെയ്യുകയും 11 ജില്ലകളിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% കേന്ദ്ര സർക്കാരും മൂന്ന് ജില്ലകളിൽ 50% സംസ്ഥാന സർക്കാരും സബ്സിഡി ആയി നൽകുന്നു. ബാക്കിയുള്ള 50% പ്രീമിയം തുക കർഷകർ നൽകിയാൽ മതിയാകും. |
| സി) പ്രസ്തുത പദ്ധതിക്ക് കർഷകരുടെ പ്രീമിയവും മറ്റ് വിഹിതങ്ങളും എത്രയെന്ന് വിശദമാക്കുമോ ? | സി) ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ വിലയുടെ 2.40 ശതമാനവും 3 വർഷത്തേയ്ക്ക് 5.40 ശതമാനവുമാണ് ആകെ പ്രീമിയം തുക .മൊത്തം പ്രീമിയത്തിന്റെ പകുതി ഗുണഭോക്താവും ബാക്കി കേന്ദ്ര ഗവൺമെന്റിന്റെ വിഹിതമായി സംസ്ഥാന കന്നുകാലി വികസന ബോർഡും നൽകുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 307 | 13.7.2010-ൽ മറുപടിയ്ക്ക്

# വാർഷിക പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന ആസൂത്രണ കമ്മീഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

**ചോദ്യം** | **മറുപടി**

ശ്രീമതി. പി.അയിഷാ പോറ്റി
ശ്രീ. കെ.വി.കുഞ്ഞിരാമൻ
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീ.പി.വിശ്വൻ

ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)

(എ) ഈ വർഷത്തെ വാർഷിക പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന ആസൂത്രണ കമ്മീഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം പദ്ധതി നിർവ്വഹണത്തിൽ പിന്നോക്കമായ മേഖലകളിലെ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കുമോ ;

(എ) & (ബി) വിവിധ തലങ്ങളിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ മുഖ്യമന്ത്രി, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി എന്നീ വിവിധ തലങ്ങളിൽ പദ്ധതി അവലോകനം നടന്നു വരുന്നുണ്ട്. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാൻ ചീഫ് സെക്രട്ടറി മാസംതോറും വിളിച്ച് ചേർക്കുന്ന യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പുതലവൻമാർക്കും അവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. വൻകിട പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണത്തിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോർ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. അവലോകന യോഗങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ പിന്നോക്കമായ മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകി പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡ് നൽകാറുണ്ട്.

വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പദ്ധതി അവലോകനം നടത്തുന്നതിനുള്ള ഒരു പുതിയ സംരംഭത്തിന് ആസൂത്രണ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ പദ്ധതിയുടെയും അതിൽ ഉൾപ്പെടുന്ന വിവിധ ഘടകങ്ങളുടെയും സാമ്പത്തിക/ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും സൂക്ഷ്മമായി വിലയിരുത്തുന്നതിന് കഴിയുന്ന തരത്തിൽ ഐ.ഐ.ഐ.റ്റി.എം.കെയുടെ സാങ്കേതിക സഹായത്തോടെയാണ് പ്രസ്തുത സംവിധാനം 2008-09 സാമ്പത്തിക വർഷം തയ്യാറാക്കിയിട്ടുള്ളത്.

| | |
|---|---|
| (സി) ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം. കാര്യക്ഷമമാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ പദ്ധതി പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ്, കില, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ സഹായത്തോടെ ആണ് ഇത് നടപ്പാക്കുന്നത്. ഭരണ ഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പ്രാപ്തമായ രീതിയിൽ ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിനായി ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ ആസൂത്രണ സമിതിയുടെ ടെക്നിക്കൽ സെക്രട്ടേറിയറ്റും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള പരിപാടിയായ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ട് സംസ്ഥാന ബഡ്ജറ്റിൽ ഓരോ വർഷവും വകയിരുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് അനുവദിക്കുന്നുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഐ.കെ.എം ന്റെ സഹായത്തോടു കൂടി എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും ഇലക്ട്രോണിക് ഡേറ്റാ ബെയ്സ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## പദ്ധതി ചെലവിലെ കാലതാമസം ഒഴിവാക്കാൻ കർമ്മ സമിതി

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 308.    13..07..2010-ലെ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ് മേഴ്സിയർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം..എ. വാഹീദ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി. | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പ് മന്ത്രി |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ പദ്ധതി ചെലവിലെ കാലതാമസം ഒഴിവാക്കാൻ കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ടോ ? | ഉണ്ട് |
| (ബി) | എങ്കിൽ എന്നു മുതലാണ് ഈ കർമ്മ സമിതിയുടെ പ്രവർത്തനം ആരംഭിച്ചത് ? | 6.8.2008 -ലെ സർക്കാർ ഉത്തരവ് നമ്പർ. 351/08 പ്രകാരം 6.8.2008 മുതൽ കർമ്മ സമിതി (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) പ്രവർത്തനം ആരംഭിച്ചു. |
| (സി) | ഈ കർമ്മ സമിതിയുടെ ഘടനയും പ്രവർത്തന രീതികളും വിശദമാക്കുമോ ? | ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനും സെക്രട്ടറി (ആസൂത്രണം), ധനകാര്യ (എക്സ്പെൻഡിച്ചർ ), ധനകാര്യ (റിസോഴ്സ്) സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പു സെക്രട്ടറി, വകുപ്പ് തലവൻ എന്നിവർ ഉൾക്കൊള്ളുന്നതാണ് ഈ കർമ്മ സമിതിയുടെ (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) ഘടന. |

| | | |
|---|---|---|
| | | വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള മൂന്നു കോടി രൂപയ്ക്ക് മുകളിൽ വരുന്ന പുതിയ പദ്ധതികൾക്കും / നിലവിലുള്ള സ്കീമുകളിൽ ഘടനാപരമായ മാറ്റം ആവശ്യമുള്ള പദ്ധതികളും പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകുന്നു. ടി കമ്മിറ്റി കുറഞ്ഞത് മാസത്തിൽ ഒരു തവണ എങ്കിലും കൂടേണ്ടതാണ്. ഭരണാനുമതി തേടുന്ന പദ്ധതിയുടെ ആവശ്യകത പദ്ധതിയുടെ വിവിധ ഘടകങ്ങൾ അതിനോരോന്നിനും വേണ്ട തുക, സ്വഭാവം, (സംസ്ഥാന പദ്ധതി / അധിക കേന്ദ്ര സഹായം / കേന്ദ്രാവിഷ്കൃത പദ്ധതി) ഓരോ വർഷവും വേണ്ടി വരുന്ന ചെലവ്, ചെയ്തു തീർക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പരിപാടി, ബഡ്ജറ്റ് വിഹിതം, പദ്ധതി നടത്തിപ്പ്, വിലയിരുത്തൽ എന്നിവയ്ക്കുള്ള ഏജൻസികൾ / സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് ഭരണ വകുപ്പു സെക്രട്ടറി നിർദ്ദിഷ്ഠ ഫോറത്തിലുള്ള പ്രൊപ്പോസൽ മേൽപ്പടി കമ്മിറ്റി കൂടുന്നതിന് രണ്ടാഴ്ച മുമ്പ് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കും പ്ളാനിംഗ് സെക്രട്ടറിക്കും നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട വിഭാഗത്തിൽ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു. സമിതി പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ആ തീരുമാനം ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നു. |

| | | |
|---|---|---|
| (ഡി) | പദ്ധതി ചെലവുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ ഇടപെടൽ നടത്താനാണ് ഈ പ്രത്യേക സംവിധാനത്തിന് കഴിയുന്നത് എന്ന് വെളിപ്പെടുത്തുമോ ? | ഒരേ വേദിയിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ ഇരുന്ന് ചർച്ച ചെയ്യുന്നതിനാൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ഭരണ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്കും കൂടുതൽ വിശദീകരണത്തിനായി ഭരണ വകുപ്പിലേയ്ക്ക് വീണ്ടും വീണ്ടും അയയ്ക്കേണ്ടി വരുന്നില്ല. ഇത് അനാവശ്യമായ കാലതാമസം ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സഹായിക്കുന്നു. |
| (ഇ) | ഇതുവരെയുള്ള പ്രവർത്തനത്തിൽ ഇക്കാര്യത്തിൽ കർമ്മ സമിതിക്ക് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വിശദീകരിക്കുമോ ? | കർമ്മ സമിതിയുടെ പ്രവർത്തനം കൊണ്ട് പദ്ധതികൾക്ക് കാലവിളംബം കൂടാതെ ഭരണാനുമതി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ 320 കോടി രൂപയുടെ ഭരണാനുമതിയ്ക്കായി ഈ കർമ്മ സമിതി അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

-----

പന്ത്രണ്ടാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 309** — **13.07.2010 ൽ മറുപടിയ്ക്ക്**

**മൈത്രീഭവന പദ്ധതിയിൽ കൃത്യമായി തവണ അടയ്ക്കുന്നവർക്ക് പരിഗണന നല്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.ബിനോയ് വിശ്വം (വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) മൈത്രീഭവന പദ്ധതിയുടെ സബ്സിഡി 2005 മുതൽ മുൻകാല പ്രാബല്യത്തിൽ പിൻവലിച്ചത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ; | (എ) മൈത്രീ ഭവന പദ്ധതിയുടെ സബ്സിഡി തുക 2006-2007 നു ശേഷം സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിക്കാത്തതുമൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത ബോർഡിന് താങ്ങാൻ കഴിയാത്ത സാഹചര്യത്തിലാണ് ടി ആനുകൂല്യം മുൻകാല പ്രാബല്യത്തോടെ (2005 നവംബർ മുതൽ) പിൻവലിച്ചു കൊണ്ട് ഹൗസിംഗ് ബോർഡ് സർക്കുലർ പുറപ്പെടുവിച്ചത്. എന്നാൽ ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഉടനടി പ്രസ്തുത സർക്കുലർ പിൻവലിക്കുവാൻ ബോർഡിന് നിർദ്ദേശം നൽകുകയും ആയത് ബോർഡ് പിൻവലിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ട പല ഉപഭോക്താക്കളും തിരിച്ചടവ് മുടക്കം വരുത്തിയിട്ടും പിഴപ്പലിശ കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ മൂലം രക്ഷപ്പെടുകയും കൃത്യമായി തവണ അടച്ചുകൊണ്ടിരുന്നവർക്ക് ഒരു ആനുകൂല്യവും ലഭിക്കാതെ വരുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ? | (ബി) & (സി) തിരിച്ചടവിൽ മുടക്കം വരുത്തിയ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും കാലാവധി കഴിഞ്ഞ താഴ്ന്ന വരുമാന വിഭാഗക്കാർക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യമായി പിഴപ്പലിശയും മുടക്കപ്പലിശയും പൂർണ്ണമായി ഒഴിവാക്കി നല്കിയിരുന്നു. എന്നാൽ കൃത്യമായി തവണ അടച്ചു വരുന്നവർക്ക് OTS പദ്ധതിയിൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന മുതൽ തുകയ്ക്ക് 5% ഇളവ് ലഭിക്കുന്നതാണ്. കുടിശ്ശികക്കാർക്ക് കുടിശ്ശിക വരുത്തിയ കാലയളവിൽ പലിശ സബ്സിഡി ലഭിക്കുന്നതല്ല. അവരിൽ നിന്നും കുടിശ്ശിക വരുത്തിയ തവണകൾക്ക് 13.5 % പലിശ ഈടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ310 — 13.07.2010 ൽ മറുപടിയ്ക്ക്

**വിവരസാങ്കേതിക വിദ്യാവികസനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ:<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. പി.സി.ജോർജ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

(എ) വിവരസാങ്കേതിക വിദ്യാ വികസനത്തിന് കേന്ദ്രസർക്കാർ എത്ര തുക വീതമാണ് 2006-07 മുതൽ 2009-10 വരെ സംസ്ഥാനത്തിന് അനുവദിച്ചത് ;

(ബി) ഏതെല്ലാം പദ്ധതികളെ മുൻനിർത്തിയാണ് ഇപ്രകാരം ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക വീതം സർക്കാർ ചെലവഴിച്ചു ; ചെലവഴിക്കാൻ കഴിയാതെ വന്ന തുക എത്ര വീതം ; വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി ലഭ്യമായ തുക പൂർണ്ണ അർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എ), (ബി), (സി) & (ഡി) വിവരസാങ്കേതികവിദ്യാ വികസനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും 2006-07 മുതൽ 2009-10 വരെ സംസ്ഥാനത്തിന് താഴെ പറയുന്ന പദ്ധതികളിൽ തുക അനുവദിച്ചിട്ടുണ്ട്.

i. കേന്ദ്രാവിഷ്കൃതപദ്ധതിയായ ഐ.സി..റ്റി ഇൻ സ്കൂൾ ,ഐ.റ്റി പശ്ചാത്തലവികസനം, ഉള്ളടക്ക വികസനം, പരിശീലനം,കണക്റ്റിവിറ്റി തുടങ്ങിയ കാര്യങ്ങൾക്കായി കേന്ദ്രസർക്കാർ 2006-07 മുതൽ 2009-10 വരെ 94.745 കോടി രൂപ ഐ.റ്റി @സ്കൂൾ പ്രോജക്റ്റിന് നൽകിയിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ സ്കൂളുകളിൽ ഐടി പഠനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ ഐടി അനുബന്ധ ഉപകരണങ്ങൾ, ഐസിടി സ്കീമിലെ വ്യവസ്ഥകൾക്കനുസൃതമായി, സ്കൂളുകളുടെ ആവശ്യകതയനുസരിച്ച് ലഭ്യമാക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി പഠനവിഭവങ്ങളും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യങ്ങളും സംസ്ഥാനത്ത് എല്ലാ ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽഹയർ സെക്കന്ററി സ്കൂളുകൾക്ക് ലഭ്യമാക്കുന്നുണ്ട്. ഈ പദ്ധതികളുടെ ചെലവ് നടത്താനാണ് ഐ.ടി@ സ്കൂൾ ഫണ്ട് വിനിയോഗിക്കുന്നത്. തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ii. IIITMK ക്ക് 2006-07 മുതൽ ഇൻഫർമേഷൻ സെക്യൂരിറ്റി എഡ്യൂക്കേഷൻ അവേർനസ് പദ്ധതി ഇനത്തിൽ 11.65 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇതുവരെ 13.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക ചെലവഴിക്കാനുള്ള നടപടി എടുത്തുവരുന്നു.

IIITMK ക്ക് എർനെറ്റ് പോപ്പ് സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും 2008-09 മുതൽ 2009-10 വരെ 12.40 ലക്ഷം രൂപ ധനസഹായം ലഭിക്കുകയും അത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

IIITMK ക്ക് എസ്.സി/എസ്.റ്റി കുട്ടികൾക്കായി സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും 2007-08 മുതൽ 2008-09 വരെ 22.16 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ഈ ഇനത്തിൽ ഇതു വരെ 37.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

iii. 2008-09 ,2009-10 വർഷങ്ങളിൽ വനിതകളുടെ സ്കിൽ എൻഹാൻസ്മെന്റിനായി കെ.എസ്.ഐ.റ്റി.എം ന് 27.49 ലക്ഷം രൂപ ലഭ്യമാകുകയും അതിൽ 22.18 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

iv. കെ.എസ്.ഐ.റ്റി.ഐ.എൽ ന് ഐ.സി.റ്റി അക്കാഡമി പി.പി.പി മോഡലിൽ സ്ഥാപിക്കുന്നതിനായി 6 കോടി രൂപയുടെ ഗ്രാന്റ് അനുവദിക്കുകയും 2009-10ൽ 2.5 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഐ.സി.റ്റി അക്കാഡമി നടപ്പിലാക്കാൻ സർക്കാർ സ്വകാര്യ പങ്കാളിത്തം സുതാര്യമായ രീതിയിൽ കണ്ടെത്തുന്നതിനുള്ള ആർ.എഫ്.പി അംഗീകരിച്ചിട്ടുണ്ട്. മേൽ നടപടി സ്വീകരിച്ചു വരുന്നു.

v. സി-ഡിറ്റിലെ സൈബർശ്രീ സെന്ററിന് കേന്ദ്ര ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്നും 2008-09, 2009-10 വർഷങ്ങളിൽ 31.50 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട ബി.എഡ്., എം.എഡ് ബിരുദധാരികളായ വിദ്യാർത്ഥികളുടെ വിവരസാങ്കേതിക വികസനത്തിനായിട്ടാണ് തുക ലഭിച്ചത്. ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | വിവരസാങ്കേതിക വിദ്യാവികസനത്തിനായി സംസ്ഥാനത്തിന്റെ വിഹിതം കൊണ്ടുചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്ക് കേന്ദ്രഫണ്ട് ലഭിക്കുമ്പോൾ അത് പരിപൂർണ്ണമായി പ്രയോജനപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഫലപ്രദമായ നിരീക്ഷണ സംവിധാനം സർക്കാർ ഏർപ്പെടുത്തുമോ ? | (ഇ) | കേന്ദ്രസർക്കാരിൽ നിന്ന് കിട്ടുന്ന ധനസഹായം പൂർണ്ണമായും ചെലവഴിക്കാൻ കർശനമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 311

13.7.2010 ൽ
മറുപടിയ്ക്ക്

സ്വകാര്യ ഐ.ടി. പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ ;<br>ശ്രീ. കെ.സി. ജോസഫ് ;<br>ശ്രീ. വി.ഡി. സതീശൻ ;<br>ശ്രീ. അടൂർ പ്രകാശ് ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ സ്വകാര്യമേഖലയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;<br><br>ബി) ഇത്തരത്തിലുള്ള സ്വകാര്യ ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ; | (എ) യും (ബി) യും<br><br>ഉണ്ട്. 2007 ലെ ഐ.ടി. പോളിസിയിൽ ഐ.ടി. യുടെ സമഗ്ര വികസനത്തിനായി പൊതുമേഖലയുടെയും സ്വകാര്യ മേഖലയുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.ടി.മേഖലയിൽ സ്വകാര്യ പാർക്കുകൾ സ്ഥാപിക്കുന്നത് താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ്.<br><br>1. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ), കിൻഫ്രാ എന്നീ സർക്കാർ സ്ഥാപനങ്ങൾ ഐ.ടി. പാർക്കുകളും ടൗൺ ഷിപ്പുകളും നിർമ്മിക്കുന്നതിന് സ്വകാര്യ ഐ.ടി. കമ്പനികൾക്കും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പേഴ്സിനും സ്ഥലം ലഭ്യമാക്കുന്നുണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നിവയുടെ കൈവശമുള്ള ഭൂമി ഒന്നുകിൽ ലേലം അടിസ്ഥാനത്തിലും (കൂടുതൽ ആവശ്യക്കാർ ഉണ്ടെങ്കിൽ) അല്ലെങ്കിൽ ലാന്റ് അലോട്ട്മെന്റ് പോളിസി പ്രകാരവുമാണ് നൽകിവരുന്നത്. കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള ഹൈടെക് പാർക്ക്, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രീയൽ പാർക്ക് (കെ.ഇ.പി.ഐ.പി.) എന്നിവിടങ്ങളിൽ Expression of Interest വിളിച്ചാണ് ഭൂമി നൽകുന്നത്.<br><br>2. സ്വകാര്യ കമ്പനികൾക്ക് ഐ.ടി. പാർക്ക്, ടൗൺ ഷിപ്പ് എന്നിവ നിർമ്മിക്കുന്നതിനായി SEZ ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഇവയ്ക്ക് സംസ്ഥാന സർക്കാരിന്റെ SEZ പോളിസി അനുസരിച്ച് 6.10.2008 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരമാണ് ശുപാർശ ചെയ്തിട്ടുള്ളത്. |

3. സ്വകാര്യ ഐ.ടി. പാർക്കുകൾക്ക് അംഗീകാരം നൽകുന്നതിന് 4.5.2009 ലെ സർക്കാർ ഉത്തരവ് പ്രകാരം ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. 13.5.2007 ന് കേരള സർക്കാരും TECOM Investments FZ-LLC യുമായി ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് 246 ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

സി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ മേഖലയിൽ അനുമതി നൽകിയ ഇത്തരത്തിലുള്ള ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

സി) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ അനുമതി നല്കിയിട്ടുണ്ട്.

1. മുത്തൂറ്റ് ഗ്രൂപ്പ്.
2. ഓഷിം സോഫ്റ്റ് (ലീലാ ഇൻഫോപാർക്ക്).
3. ബ്രിഗേഡ് എന്റർപ്രൈസസ്, ബാംഗ്ളൂർ.

ഇതുകൂടാതെ താഴെപ്പറയുന്ന സംരംഭകർക്ക് IT/ITeS സെസ്സ് ലഭിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

1. എമ്മാർ എം.ജി.എഫ്. ലാന്റ് ലിമിറ്റഡ്.
2. പാർശ്വനാഥ് ഡവലപ്പേഴ്സ് ലിമിറ്റഡ്.
3. എം.എം. ടെക് ടവേഴ്സ്.
4. സതർലാന്റ് ഗ്ലോബൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്.
5. ഇ.റ്റി.എൽ. ഇൻഫ്രാസ്ട്രക്ച്ചർ സർവീസസ് ലിമിറ്റഡ്.
6. തൃശൂർ ടെക്നോപാർക്ക് പ്രൈവറ്റ് ലിമിറ്റഡ്.
7. യൂണിടെക് റിയൽ എസ്റ്റേറ്റ് പ്രോജക്ട് ലിമിറ്റഡ്.
8. മലയാളി റിയാൽറ്റേഴ്സ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ്.
9. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.
10. എച്ച്.ഡി.ഐ.എൽ./ബ്ലൂസ്റ്റാർ റിയാൽടേഴ്സ് ലിമിറ്റഡ്.
11. പാർശ്വനാഥ് സെസ്സ് ലിമിറ്റഡ്
മുത്തൂറ്റ് ഹോട്ടൽസ് & ഇൻഫ്രാസ്ട്രക്ച്ചർ വെൻച്വർസ് പ്രൈവറ്റ് ലിമിറ്റഡ്
ലീലാ ലേസ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡ് } കൺസോർഷ്യം

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 312

13-07-2010 ൽ
മറുപടിക്ക്

വിമാനത്താവളത്തിലെ പുതിയ ദേശാന്തര ടെർമിനൽ

ചോദ്യം

ശ്രീ.കെ.ബാബു:
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ.ടി.എൻ.പ്രതാപൻ:

(എ) കൊച്ചി_വിമാനത്താവളത്തിലെ പുതിയ ദേശാന്തര ടെർമിനലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇനിയും എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

ഉത്തരം

ശ്രീ.വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനൽ പൂർത്തിയാക്കിയതിനെ തുടർന്ന് പീക്ക് അവർ പാസ്സഞ്ചർ ഹാന്റലിംഗ് കപ്പാസിറ്റി അന്താരാഷ്ട്ര അറൈവൽ ഡിപ്പാർച്ചർ ടെർമിനലുകളിൽ - 800 -ൽ നിന്നും 2400 യാത്രക്കാരായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. കൂടാതെ ഇൻ-ലൈൻ എക്സ്റേ ബാഗ്ഗേജ് സ്ക്രീനിംഗ് സിസ്റ്റം സ്ഥാപിച്ചു. അന്താരാഷ്ട്ര അറൈവൽ- ഡിപ്പാർച്ചർ ടെർമിനലുകളിൽ ചെക്ക് -ഇൻ,ഇമിഗ്രേഷൻ, കസ്റ്റംസ്- കൗണ്ടറുകൾ വർദ്ധിപ്പിച്ചു. ഡ്യൂട്ടി ഫ്രീ ഷോപ്പിംഗും റീറ്റെയിൽ സൗകര്യവും വർദ്ധിപ്പിച്ചു. യാത്രക്കാർക്കുള്ള മറ്റ് ആധുനിക സൗകര്യങ്ങളും അന്താരാഷ്ട്ര അറൈവൽ -ഡിപാർച്ചർ ടെർമിനലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) ദേശാന്തര വിമാന സർവ്വീസുകൾ നടത്തുന്ന ഏതൊക്കെ കമ്പനികളുടെ വിമാന സർവ്വീസുകളാണ് ഇപ്പോൾ ഇവിടെ നടത്തുന്നത്; | നിലവിൽ എയർഇൻഡ്യ, എയർഇൻഡ്യഎക്സ്പ്രസ്, ഇൻഡ്യൻ എയർലൈൻസ്,ജെറ്റ്എയർ വേയ്സ്, ഒമാൻഎയർ, സിൽക്ക് എയർ, കുവൈറ്റ് എയർവേയ്സ്, എമിറേറ്റ്സ് എയർലൈൻസ്, ഖത്തർ എയർവേയ്സ്, സൗദി അറേബ്യൻ എയർലൈൻസ്, ഗൾഫ്എയർ, എയർ അറേബ്യ, എത്തിഹാദ് എയർവേയ്സ്, ബഹ്റൈൻ എയർ, നാസ് എയർ എന്നിവ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും, തിരിച്ചും സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) കൂടുതൽ സർവ്വീസുകൾ നടത്താൻ ഏതൊക്കെ കമ്പനികളുമായി ബന്ധപ്പെട്ടിട്ടുണ്ട്; | ഇൻറർഗ്ലോബ് ഏവിയേഷൻ ലിമിറ്റഡ്, സ്പൈസ്ജെറ്റ് ലിമിറ്റഡ്, എയർ ഇൻഡ്യ, ജെറ്റ് എയർവേയ്സ് എന്നിവയോട് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വിവിധ അന്താരാഷ്ട്ര പ്രാപ്യസ്ഥാനങ്ങളിലേയ്ക്ക് ഫ്ളൈറ്റുകൾ ആരംഭിക്കുന്നതിനും, ഇപ്പോഴുള്ളവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ ഐലൻഡ് ഏവിയേഷൻ, സാംഎയർ, ശ്രീലങ്കൻ എയർ വേയ്സ് എന്നിവയും സർവ്വീസ് താമസിയാതെ നടത്തുമെന്നു അറിയിച്ചിട്ടുണ്ട്. |

(ഡി)ഇവിടത്തെ കാർഗോ സർവ്വീസിൻെറ സ്ഥാപിതശേഷി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

(ഡി)യും (ഇ)യും : ഉണ്ട്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ കാർഗോ ഹാന്റ്ലിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനായി 25,000 എം.റ്റി.വാർഷിക ഹാന്റ്ലിംഗ് കപ്പാസിറ്റിയുള്ള അതിനൂതനമായ ഒരു പെരിഷബിൾ കാർഗോ സെന്റർ നിർമ്മിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പൊതു കാർഗോ ടെർമിനലിൻെറ ഹാന്റ്ലിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുവാനും പദ്ധതിയുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.313 — 13.7.2010 ൽ മറുപടിയ്ക്ക്

## ഓൺ ലൈൻ ലോട്ടറി

ചോദ്യം — ഉത്തരം

ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.മുരളി പെരുനെല്ലി
ശ്രീമതി.കെ.എസ്.സലീഖ

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓൺലൈൻ ലോട്ടറി നിയമവിധേയമാക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 1998 ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിന് അനുബന്ധമായി കേന്ദ്ര സർക്കാർ 2010 ഏപ്രിലിൽ പുറപ്പെടുവിച്ച ചട്ടങ്ങളിൽ ഓൺ ലൈൻ ഭാഗ്യക്കുറികൾ കൂടി ലോട്ടറിയുടെ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ഓൺലൈൻ ലോട്ടറി സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് എന്താണ്; | (ബി) | കേരളത്തിൽ ഓൺ ലൈൻ ലോട്ടറി നിരോധനം നിലനിൽക്കുകയാണ്. ഓൺലൈൻ ലോട്ടറികൾ ഒരു രൂപത്തിലും അനുവദിക്കാൻ പാടില്ല എന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്. |
| (സി) | ഓൺലൈൻ ലോട്ടറിക്കെതിരെ സംസ്ഥാന സർക്കാർ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുമോ; | (സി) | അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവ്വ കക്ഷി യോഗം വിളിച്ചു ചേർക്കുകയും സർവ്വ കക്ഷി നിവേദനം ബഹു.പ്രധാനമന്ത്രിയ്ക്ക് നൽകുകകയും ചെയ്തു. |
| (ഡി) | കേന്ദ്രം ഏർപ്പെടുത്തിയ സേവന നികുതി സംസ്ഥാന ഭാഗ്യക്കുറിയെ ബാധിച്ചിട്ടുണ്ടോ; | (ഡി) | 2008 ലെ കേന്ദ്ര ധനകാര്യ ബിൽ പ്രകാരം ലോട്ടറി ടിക്കറ്റ് വിൽപന Business Auxiliary Service ആയതുകൊണ്ട് ഭാഗ്യക്കുറി വകുപ്പ് സേവന നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ ഇതു സംബന്ധിച്ച ഒരു വിശദീകരണം സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഭാഗ്യക്കുറിയെ സേവന നികുതിയിൽ നിന്നും ഒഴിവാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ? | (ഇ) | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 314 — 13.07.2010 ൽ മറുപടിയ്ക്ക്

## ആധുനിക തൊഴിൽമേഖലയിൽ പരിശീലനം നൽകുന്നതിനുള്ള ഫിനിഷിംഗ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| * 314. ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. പി. വിശ്വൻ: | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഉദ്യോഗാർത്ഥികൾക്ക്ആധുനിക തൊഴിൽമേഖലയിൽപരിശീലനം നൽകുന്നതിന്ഐ.ടി.വകുപ്പും ഐ.എച്ച്.ആർ.ഡി.യും സംയുക്തമായി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഐ.ടി വകുപ്പും ഐ.എച്ച്.ആർ.ഡിയും ചേർന്ന് സർക്കാരിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരെ വ്യക്തിത്വവികസനത്തിന്റെ വിവിധ മേഖലകളിൽ ഐ.ടിയുടെ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തി അവരെ വിവിധ മേഖലകളിൽ തൊഴിൽലഭ്യമാക്കുവാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ തിരുവനന്തപുരത്തും എറണാകുളത്തും ഓരോ ഫിനിഷിംഗ്സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഫിനിഷിംഗ് സ്കൂൾ പരിശീലനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ; | (ബി) | ബിടെക് ബിരുദം എടുത്തവർക്കും, മറ്റു വിഷയങ്ങളിൽ ബിരുദമെടുത്തവർക്കും, ശാസ്ത്രസാങ്കേതിക മേഖലകളിൽ അനുയോജ്യമായ തൊഴിൽ പ്രാപ്തമാകുന്ന രീതിയിൽ, സോഫ്റ്റ് സ്കില്ലും ടെക്നിക്കൽ സ്കില്ലും പരിപോഷിപ്പിക്കുന്ന രീതിയിലാണ് പരിശീലനം വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | ഫിനിഷിംഗ് സ്കൂൾ പദ്ധതിയിൽ ഐ.ടി കമ്പനികളുടെ സഹകരണം ഉറപ്പാക്കാമോ ? | (സി) | പ്രമുഖ കമ്പനികളുടെ സഹകരണത്തോടെയാണ് ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നത്. |

---

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 315

13-07-2010 -ൽ മറുപടിക്ക്

## വിമാനത്താവളങ്ങളെ ബന്ധപ്പെടുത്തിയുള്ള വ്യാപാര സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്,<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ,<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി,<br>ശ്രീ.എം.എ.വാഹീദ്. | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിമാനത്താവളങ്ങളെ ബന്ധപ്പെടുത്തി അനുബന്ധ വ്യാപാര സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനായി പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ)യും<br>(ബി)യും<br>(സി)യും<br>കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ നിർദ്ദിഷ്ട വിമാനത്താവളാധിഷ്ടിതമായ 'സെസ്സിൽ' വ്യോമയാനവിമാനത്താവളാധിഷ്ടിതമായ വ്യവസായങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ 'ഇൻ-പ്രിൻസിപ്പിൾ' അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം വ്യവസായ പാർക്കുകൾ ഏതൊക്കെ വിമാനത്താവളങ്ങളുമായി ബന്ധപ്പെട്ട് ആരംഭിക്കാനാണ് പദ്ധതിയുള്ളത്; | |
| (സി) ഇത്തരത്തിൽ ഏതൊക്കെ പാർക്കുകൾക്കാണ് കേന്ദ്രാനുമതിക്കായി അപേക്ഷ നൽകിയിട്ടുള്ളത്; ഇവയിൽ ഏതൊക്കെ വ്യവസായ പാർക്കുകൾക്ക് കേന്ദ്രാനുമതി ലഭിച്ചു; | |

| | |
|---|---|
| (ഡി) ഇത്തരത്തിൽ കേന്ദ്രാനുമതി ലഭിച്ച വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി എന്തൊക്കെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ? | . (ഡി) കേന്ദ്രസർക്കാരിന്റെ ഔപചാരികമായ ക്ളിയറൻസ് ലഭിക്കുന്ന . മുറയ്ക്ക് നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>1. എയർക്രാഫ്റ്റ് എൻജിൻ കംപോണൻറ്റ്സ്.<br>2. ചെറിയ വിമാന - ഹെലികോപ്റ്റർ നിർമ്മാണവും എം.ആർ.ഒ. യും.<br>3. വിമാന വീലുകൾ, ബ്രേക്കുകൾ,പ്രൊപ്പല്ലറുകൾ എന്നിവയുടെ റിപ്പയറും ഓവർഹോളിംഗും.<br>4. വിമാനസാമഗ്രികളുടെ സൂക്ഷിപ്പും, വിതരണവും.<br>5. ഗ്രൗണ്ട് ഹാന്റ്ലിംഗ് ഉപകരണങ്ങളുടെ നിർമ്മാണവും മെയിന്റനൻസും.<br>6. വിമാനത്താവള ഉപകരണങ്ങളുടെ നിർമ്മാണവും മെയിന്റനൻസും;<br>7. അഗ്നിശമന സുരക്ഷാ ഉപകരണങ്ങളുടെ നിർമ്മാണവും മെയിന്റനൻസും.<br>8. വിമാനത്താവളാധിഷ്ടിത സോഫ്‌വെയർ വികസനവും സോഫ്റ്റ്‌വെയർ സൊല്യൂഷൻസും |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **316** | **13.07.2010**-ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ

**ചോദ്യം**

ശ്രീ. എ.എ. ഷുക്കൂർ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. എ.പി. അനിൽകുമാർ

(എ) പൊതുജനങ്ങൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനത്തിൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇക്കാര്യം വിശദമായി പഠിക്കുന്നതിനു ഇപ്പോൾ നൽകി വരുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നൽകുന്നതു സംബന്ധിച്ച നിർദ്ദേശം നൽകുന്നതിനും ഏതെങ്കിലും ഉന്നതാധികാര സമിതിയെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി )

(എ) പൊതുജനങ്ങൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ് എന്നാണ് ഗവൺമെന്റ് കരുതുന്നത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ (IMG) വിവരാവകാശം (RTI) സംബന്ധിച്ച് ഒരു നോളേഡ്ജ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. RTI യുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഈ വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ പൊതുജനങ്ങൾക്കും മറ്റും സംശയ നിവൃത്തി വരുത്താവുന്നതാണ്.

(ബി) പ്രത്യേകമായി പരിഗണിച്ചിട്ടില്ല.

.....2

(സി) വിവരാവകാശ സേവനങ്ങൾക്കായി പുതുതായി ആരംഭിച്ച വെബ്സൈറ്റിൽ എന്തൊക്കെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

(സി) വിവരാവകാശ സേവനങ്ങൾക്കായി ആരംഭിച്ച www.rti.kerala.gov.in എന്ന വെബ്സൈറ്റിൽ ഓരോ സ്ഥാപനത്തിലേയും പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെക്കുറിച്ചുള്ള വിവരങ്ങൾ, സ്ഥാപനങ്ങളുടെ ഘടന, കാഴ്ചപ്പാടും ലക്ഷ്യവും, പദ്ധതികൾ, പരിപാടികൾ, ലഭ്യമാക്കുന്ന സേവനങ്ങൾ, പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ ബന്ധപ്പെടാനുള്ള ഫോൺ നമ്പരുകൾ, അപേക്ഷാ ഫോമുകൾ, ബന്ധപ്പെട്ട വെബ്സൈറ്റുകൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, പൗരാവകാശ രേഖകൾ എന്നിവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:*317 — 13.07.2010-ൽ മറുപടിയ്ക്ക്

## ഭൗമശാസ്ത്ര പഠന കേന്ദ്രം നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.ജോർജ്ജ്.എം.തോമസ്<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഭൗമശാസ്ത്ര പഠന കേന്ദ്രം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ: | (എ) ഭൗമ, സമുദ്ര, അന്തരീക്ഷ, പാരിസ്ഥിതിക വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങളാണ് പ്രധാന പ്രവർത്തനങ്ങൾ. കൂടാതെ പരിശീലന പരിപാടികൾ, ബോധവൽക്കരണം, സംസ്ഥാന സർക്കാരിന്റെ ഭൂവിജ്ഞാന മേഖലകളിലുള്ള ഇതര വകുപ്പുകൾക്ക് സാങ്കേതിക പിന്തുണ, ഗവേഷണ വിദ്യാർത്ഥികൾക്കുള്ള അടിസ്ഥാന സൗകര്യം, മേൽനോട്ടം എന്നിവയും ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നു. |
| (ബി) സംസ്ഥാനത്ത് ഭൂചലന സാധ്യതകൾ കൂടുതലുള്ള പ്രദേശങ്ങളെ സംബന്ധിച്ച് സെസ്സ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) സമീപകാലത്ത് ഭൂചലനം അനുഭവപ്പെട്ട മിക്കപ്രദേശങ്ങളിലും പഠനങ്ങൾ നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയുടെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെടുന്ന കിഴക്കൻ പ്രദേശങ്ങളും തൃശ്ശൂർ ജില്ലയിലെ തലപ്പള്ളി താലൂക്കിലും, സമീപപ്രദേശങ്ങളിലുമാണ് ഭൂചലന സാദ്ധ്യത കൂടുതലായി കാണപ്പെടുന്നത്. കൂടാതെ കോഴിക്കോട്, ഇടുക്കി, |

(തുടർച്ച---2)

തിരുവനന്തപുരം എന്നീ ജില്ലകളുടെ ചില പ്രദേശങ്ങളിലും ഭൂചലന സാദ്ധ്യത കാണപ്പെടുന്നു.

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ വർഷം കേരളത്തിൽ എത്ര ഭൂചലനങ്ങൾ ഉണ്ടായതായി രേഖ പ്പെടുത്തിയിട്ടുണ്ട്; ഇവയിൽ ഏറ്റവും തീവ്രമായ ഭൂചലനം ഏതായിരുന്നു; | (സി) | കഴിഞ്ഞ വർഷം കേരളത്തിൽ 17 ചെറു ഭൂചലനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 18.9.2009-ൽ ചിറയിൻകീഴിന് പടിഞ്ഞാറ് കടലിൽ പ്രഭവകേന്ദ്രമായി 3.5M തീവ്രതയുള്ളതായി രേഖപ്പെടുത്തി യിട്ടുള്ള ഭൂചലനമാണ് ഇവയിൽ ഏറ്റവും തീവ്രമായത്. |
| (ഡി) | ഭൂചലനം സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നതിന് സെസ്സിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | (ഡി) | കേരളത്തിന്റെ ഏതു ഭാഗത്തും ഭൂചലനം നടന്നാൽ അതിന്റെ വിശദാംശം ഉടൻ തന്നെ അറിയാൻ ഭൂചലനമാപിനി പീച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 318 — 13.7.2010-ൽ മറുപടിക്ക്

# കാലാവസ്ഥാ നിരീക്ഷണത്തിനുള്ള അത്യന്താധുനിക സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എൻ.ശക്തൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണത്തിന് എന്തൊക്കെ അത്യാധുനിക സംവിധാനങ്ങളാണ് പുതുതായി നടപ്പിലാക്കി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ; | (എ) ഇന്ത്യ മെറ്റീരിയോളജിക്കൽ വകുപ്പ് കാലാവസ്ഥാ നിരീക്ഷണത്തിന് താഴെപ്പറയുന്ന അത്യാധുനിക സംവിധാനങ്ങൾ പുതുതായി നടപ്പിലാക്കി വരുന്നു.<br><br>1. ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ<br>2. ഓട്ടോമാറ്റിക് റയിൻ ഗേജ് സ്റ്റേഷനുകൾ<br>3. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാന താവളങ്ങളിൽ സ്വയം പ്രവർത്തിക്കുന്ന കാലാവസ്ഥാ നിരീക്ഷണ സംവിധാനം<br>4. ഡിജിറ്റൽ സൈക്ലോൺ വാണിംഗ് ഡിസ്സമിനേഷൻ സിസ്റ്റം<br>5. കേരളത്തിൽ ഡോപ്ലർ വെതർ റഡാർ<br><br>റിയൽ ടൈം സീസ്മിക് മോണിറ്ററിംഗ് നെറ്റ്‌വർക്ക് ഉപരിതല അന്തരീക്ഷ നിരീക്ഷണത്തിനായി ജി.പി.എസ് അടിസ്ഥാനമാക്കി റേഡിയോ സോണ്ടേ, മെറ്റീയറോളജിക്കൽ പാരാമീറ്റേഴ്സിനായി ഓട്ടോമാറ്റിക്ക് റിക്കോർഡിംഗ് സിസ്റ്റം എന്നിവയും മെറ്റീരിയോളജിക്കൽ സെന്ററിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഐ.എസ്.ആർ.ഒ.യുടെ സഹകരണത്തോടെ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഇത്തരം വെതർ |

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകളിലെ കാലാവസ്ഥാ വിവരങ്ങൾ മോസ്ഡാക് (MOSDAC)-ന്റെ വെബ് സൈറ്റിലൂടെ ലഭ്യമാണ്. |
| (ബി) | ഇന്ത്യൻ മെറ്റീയറോളജി ഡിപ്പാർട്ട്മെന്റ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തൊക്കെ സാങ്കേതിക സഹായങ്ങളാണ് ലഭ്യമാക്കുന്നത് ; | (ബി) | സ്ഥലം നിർണ്ണയിക്കുന്നതിനും, പരിശോധിക്കുന്നതിനും ഉപകരണങ്ങളുടെ അറ്റകുറ്റപണികൾക്കുള്ള സാങ്കേതിക സഹായം നൽകുന്നു. കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കാലാവസ്ഥാ നിരീക്ഷണ ഉപകരണങ്ങൾ നിരീക്ഷിയ്ക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള സാങ്കേതിക ഉപദേശവും ഈ വകുപ്പ് നൽകി വരുന്നു. കാലാവസ്ഥാ അറിയിപ്പുകൾ സംബന്ധിച്ച സമയബന്ധിത വിവരങ്ങൾ നൽകുന്നതിന് ഇന്ത്യ മെറ്റീയറോളജിക്കൽ വകുപ്പിന്റെ വെബ്സൈറ്റ് കൂടാതെ മറ്റ് ഏജൻസികൾക്കായി ഈ വകുപ്പിന്റെ മറ്റ് കമ്മ്യൂണിക്കേഷൻ ചാനലുകൾ എന്നിവയും ഉപയോഗത്തിനായി നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഏതൊക്കെ നഗരങ്ങളിൽ കാലാവസ്ഥാ റഡാറുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത് ; ഇതുവരെ ഇത്തരത്തിൽ എവിടെയെങ്കിലും കാലാവസ്ഥാ റഡാറുകൾ സ്ഥാപിക്കുകയുണ്ടായോ ; | (സി) | 2010-12-ൽ ഇന്ത്യ മെറ്റീയറോളജിക്കൽ വകുപ്പിന്റെ നവീകരണ പദ്ധതിയിൽ തിരുവനന്തപുരത്തും, കൊച്ചിയിലും ഡോപ്ലർ വെതർ റഡാറുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശമുണ്ട്. ഇന്ത്യ മെറ്റീയറോളജിക്കൽ വകുപ്പിന്റെ തിരുവനന്തപുരം ഓഫീസിൽ ഉപരിതല അന്തരീക്ഷ നിരീക്ഷണത്തിനുള്ള വെതർ ബലൂണുകൾ ട്രാക്ക് ചെയ്യാൻ കഴിവുള്ള ഒരു മൾട്ടി മെറ്റ് റഡാറും കൊച്ചി നേവൽ ബേസിൽ ഒരു എസ്-ബാന്റ് സൈക്ലോൺ ഡിറ്റക്ഷൻ റഡാറും നിലവിലുണ്ട്. |
| (ഡി) | കാലാവസ്ഥാ നിരീക്ഷണത്തിനുള്ള അത്യന്താധുനിക സംവിധാനമായ ഡോപ്ലർ വെതർ റഡാർ എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ട് ; ഇത്തരം സംവിധാനങ്ങൾ ഈ വർഷം എവിടെയൊക്കെ പുതുതായി സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | (ഡി) | കേരളത്തിൽ ഇതുവരെയും ഡോപ്ലർ വെതർ റഡാർ സ്ഥാപിച്ചിട്ടില്ല. ഈ വർഷം കേരളത്തിൽ ഇത് സ്ഥാപിക്കാനുള്ള പദ്ധതിയില്ല. |

| | | | |
|---|---|---|---|
| (ഇ) | കാലാവസ്ഥാ നിരീക്ഷണത്തിനായി ഏതൊക്കെ സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും ഓട്ടോമാറ്റിക് റയിൻ ഗേജുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ? | (ഇ) | ഇന്ത്യ മെറ്റീരിയോളജിക്കൽ വകുപ്പിന്റെ റിപ്പോർട്ടിൻ പ്രകാരം ഈ വർഷാവസാനത്തോടെ താഴെ പറയുന്ന 15 സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും 28 ഓട്ടോമാറ്റിക് റയിൻ ഗേജുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

**ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ**

**നിലവിലുള്ളത്**

1. തിരുവനന്തപുരം
2. കൊട്ടാരക്കര
3. കായംകുളം
4. തവനൂർ
5. പീലിക്കോട്
6. മിനിക്കോയ് (ലക്ഷദ്വീപ്)

**സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവ**

1. വെള്ളായണി (തിരുവനന്തപുരം)
2. തെൻമല (കൊല്ലം)
3. മൂഴിയാർ (പത്തനംതിട്ട)
4. കുമരകം (കോട്ടയം)
5. പോർട്ട് - ആലപ്പുഴ (ആലപ്പുഴ)
6. മൂന്നാർ (ഇടുക്കി)
7. നീലേശ്വരം - കാലടി (എറണാകുളം)
8. വെള്ളാനിക്കര (തൃശ്ശൂർ)
9. മങ്കര (പാലക്കാട്)
10. നിലമ്പൂർ (മലപ്പുറം)
11. ബീച്ച്-കോഴിക്കോട് (കോഴിക്കോട്)
12. അമ്പലവയൽ (വയനാട്)
13. മട്ടന്നൂർ (കണ്ണൂർ)
14. സിപിസിആർഐ - കാസർഗോഡ് (കാസർഗോഡ്)
15. ആന്ത്രോത്ത് (ലക്ഷദ്വീപ്)

**ഓട്ടോമാറ്റിക് റയിൻ ഗേജ് സ്റ്റേഷനുകൾ**

1. പെരിങ്ങമല (തിരുവനന്തപുരം)
2. വാമനപുരം (തിരുവനന്തപുരം)
3. പെരുങ്കടവിള(തിരുവനന്തപുരം)
4. ഇറിഗേഷൻ കൊല്ലം (കൊല്ലം)
5. ഡിഎഫ്എഫ് - അഞ്ചൽ (കൊല്ലം)
6. തിരുവല്ല (പത്തനംതിട്ട)
7. കുരുടമണ്ണിൽ (പത്തനംതിട്ട)
8. കാഞ്ഞിരപ്പള്ളി (കോട്ടയം)
9. ചേർത്തല (ആലപ്പുഴ)
10. തൊടുപുഴ (ഇടുക്കി)
11. മൂവാറ്റുപുഴ (എറണാകുളം)
12. കീരംപ്പാറ (എറണാകുളം)

13. വയന്തല (തൃശ്ശൂർ)
14. ചിമ്മിനി/പീച്ചി (തൃശ്ശൂർ)
15. പട്ടാമ്പി (പാലക്കാട്)
16. പരപ്പനങ്ങാടി (മലപ്പുറം)
17. ആനക്കയം-മഞ്ചേരി (മലപ്പുറം)
18. എയർപോർട്ട്-കരിപ്പൂർ (മലപ്പുറം)
19. മാനന്തവാടി/സുൽത്താൻബത്തേരി (വയനാട്)
20. വൈത്തിരി (വയനാട്)
21. താമരശ്ശേരി (കോഴിക്കോട്)
22. കൊയിലാണ്ടി (കോഴിക്കോട്)
23. പെരുവണ്ണാമൂഴി (കോഴിക്കോട്)
24. വടകര (കോഴിക്കോട്)
25. മെറ്റ് ഓഫീസ് കണ്ണൂർ (കണ്ണൂർ)
26. ചെറുതാഴം (കണ്ണൂർ)
27. ഹോസ്ദുർഗ് (കാസർഗോഡ്)
28. മഞ്ചേശ്വരം (കാസർഗോഡ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 319 — 13.07.2010 ലെ മറുപടിക്ക്

## ഉൽപ്പന്ന സേവന നികുതി സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.എം.ഹംസ :<br>ശ്രീ.കെ.ടി.ജലീൽ : | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| (എ) ഉൽപ്പന്ന സേവന നികുതി സമ്പ്രദായം സംസ്ഥാനത്തു നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി നടന്ന ചർച്ചയിൽ കേരളം എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത് ; | (എ) ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് കേരളം താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്.<br>1. ഉൽപ്പന്ന സേവന നികുതി സമ്പ്രദായം നടപ്പിലാക്കുമ്പോൾ ചെറുകിട വ്യാപാരികളുടെ പലവിധ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി വ്യാപാരികളുടെ സി.ജി.എസ്.ടി.യ്ക്കും എസ്.ജി.എസ്.ടി.യ്ക്കും കേന്ദ്രവും സംസ്ഥാനവും പ്രത്യേകം പ്രത്യേകം നികുതി നിർണ്ണയിക്കുന്നതിനു പകരം സംസ്ഥാന സർക്കാരുകൾ തന്നെ രണ്ടു നികുതിയും പിരിക്കുകയും സി.ജി.എസ്.ടി കേന്ദ്രത്തിനു കൈമാറുകയും ചെയ്യണം.<br>2. ജി.എസ്.ടി.നടപ്പിലാകുമ്പോൾ യൂണിയൻ മിനിസ്റ്റർ ചെയർമാനായി യൂണിയൻ മിനിസ്റ്റേഴ്സ് കൗൺസിൽ രൂപീകരിക്കാനുള്ള നിർദ്ദേശമുണ്ട്. കൗൺസിലിന്റെ പേരു സ്റ്റേറ്റ് ഫിനാൻസ് മിനിസ്റ്റേഴ്സ് കൗൺസിൽ എന്നാക്കുകയും എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരെയും അതിൽ അംഗങ്ങളാക്കുകയും ആയതിനു ഭരണ ഘടനാ സാധുത നൽകുകയും വേണം.<br>3. അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന 1.5 കോടിയിൽ താഴെ വിറ്റുവരവുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണം. |

4. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും പെട്രോൾ, ഡീസൽ, വിദേശമദ്യം എന്നിവയിൽ നിന്നായതിനാൽ ഈ ഇനങ്ങളെ ഉൽപ്പന്ന സേവന നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കണം.

5. ലോട്ടറി, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയെ ജി.എസ്.ടി.യുടെ പരിധിയിൽ നിന്ന് ഒഴിവാക്കണം.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്ന വിനോദ നികുതിയെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കണം.

7. 10 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്ക് നികുതി ഒഴിവ് നൽകുന്ന നിലവിലെ വ്യവസ്ഥ ജി.എസ്.ടി.യിലും തുടരണം.

8. 10 ലക്ഷം മുതൽ 50 ലക്ഷം വരെ വിറ്റു വരവുള്ള വ്യാപാരികൾക്ക് നിലവിലുള്ള സമ്പ്രദായത്തിൽ നികുതി വിധേയമായ വിറ്റുവരവിന്മേൽ 1/2% നികുതി അടക്കാൻ സൗകര്യമുണ്ട്. ഇതിനു സമാനമായി ചെറുകിട കച്ചവടക്കാർക്ക് അധിക നികുതി ഭാരമില്ലാത്ത ഒരു സമ്പ്രദായം ജി.എസ്.ടി.യിലും നടപ്പാക്കണം.

9. നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഭരണഘടനാ സാധുതയുള്ള ഒരു നഷ്ട പരിഹാര അതോറിറ്റി രൂപീകരിക്കണം.

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. സമ്പ്രദായം നടപ്പാക്കുമ്പോൾ പരോക്ഷ നികുതികൾ സംസ്ഥാനത്തിന് വിട്ടുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര നിലപാട് എന്താണ് ; | (ബി) | ജി.എസ്.ടി. സമ്പ്രദായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി..സമ്പ്രദായം നടപ്പാക്കുന്ന തുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം മാണ് ; | (സി) | ജി.എസ്.ടി. സമ്പ്രദായം സംബന്ധിച്ച് ഇതുവരെ യുള്ള ധാരണപ്രകാരം ചരക്കുകളുടെ നികുതി ലഭിക്കുന്നത് അവയുടെ പ്രാപ്യസ്ഥാനം ഏതു സംസ്ഥാനത്തിലാണോ അവിടെയാണ്. ഉപഭോ ക്തൃ സംസ്ഥാനമായ കേരളത്തിനു ഇതു ഗുണകര മായിരിക്കും. അന്തർ സംസ്ഥാന വാങ്ങൽ നടത്തി യാൽ അതിനു ഇൻപുട്ട് ടാക്സ് ലഭിക്കുമെന്ന വ്യവസ്ഥയും സംസ്ഥാനത്തിനു ഗുണകരമാകും. ഏതാനും ചില സേവനമേഖലകൾ കൂടി സംസ്ഥാ നത്തിനു കൈമാറികിട്ടും എന്നതും നേട്ടം തന്നെ |
| (ഡി) | ജി.എസ്.ടി.സമ്പ്രദായം സംസ്ഥാനത്ത് എന്നുമുതൽ നടപ്പാ ക്കാനാണ് ധാരണ യായിട്ടുള്ളതെന്ന് വെളിപ്പെടു ത്തുമോ ? | (ഡി) | ഇതു സംബന്ധിച്ച വ്യക്തമായ ധാരണകളൊന്നും തന്നെ ഇതു വരെയും ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.320 13.07.2010-ൽ മറുപടിക്ക്

## അതിവേഗ പാത നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽകുമാർ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. എ .എ. ഷുക്കൂർ : | | ഡോ. റ്റി. എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്രം നടപ്പിലാക്കുന്ന അതിവേഗ പാത നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇതിനായി രൂപീകൃതമായ കൺസൾട്ടൻസി സ്ഥാപനം ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ ; | (ബി) | കൺസൾട്ടൻസി സ്ഥാപനം കേന്ദ്ര മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വെബ്സൈറ്റിൽ ലഭ്യമാണ്. |
| (സി) | തൃശൂർ മുതൽ കന്യാകുമാരി വരെയുള്ള ഭാഗം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ എന്തു തിരുമാനമാണ് അവസാനമായി സ്വീകരിച്ചത് ; | (സി) | വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള റിപ്പോർട്ടിൻ പ്രകാരം തൃശ്ശൂർ മുതൽ കന്യാകുമാരിവരെയുള്ള ഭാഗം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ എന്തൊക്കെ നിർദ്ദേശങ്ങൾ സമർപ്പിച്ചുവെന്ന് വിശദവിവരം ലഭ്യമാക്കുമോ ? | (ഡി) | തൃശ്ശൂർ ജില്ലയിലെ ചൂണ്ടയിൽ തുടങ്ങി കോട്ടയ്ക്കൽ, കൊണ്ടോട്ടി, നാദാപുരം, കൂത്തുപറമ്പ്, തളിപ്പറമ്പ് വഴി കാസർകോട് ചാലിങ്കൽ വരെ നീട്ടാനും, കോഴിക്കോട് -മൈസൂർ, കൊല്ലം- തേനി എന്നീ പാതകൾ രണ്ടാം ഘട്ടമായി ഉൾപ്പെടുത്താനും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **321** **13.07.2010** - ൽ മറുപടിക്ക്

പ്രവാസികൾക്ക് ചുരുങ്ങിയ ചിലവിൽ ഭവന പദ്ധതികൾ ആരംഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. ബി. രാഘവൻ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡ് നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണ ബോർഡു മുഖേന നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി<br>2. സുരക്ഷാ ഭവന പദ്ധതി<br>3. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം<br>4. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ<br>5. Build-Share-Transfer രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ<br>6. കൊച്ചി മറൈൻ ഡ്രൈവ് പദ്ധതി<br>7. ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവനപദ്ധതി<br>8. Pravasi affordable Housing Scheme<br>9. സർക്കാർ ജീവനക്കാർക്കുള്ള Affordable Housing Scheme. |
| (ബി) പട്ടികജാതി വകുപ്പിന്റെ ധനസഹായത്തോടെയുള്ള ഭവന പദ്ധതിയിൽ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്;<br><br>(സി) എത്ര വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു; | (ബി) & (സി) | പട്ടികജാതി വകുപ്പിന്റെ ധനസഹായത്തോടെ കേരളത്തിലെ 7 ജില്ലകളിലായി പണി തുടങ്ങിയ 1809 വീടുകളിൽ 1665 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) സുനാമി ബാധിത മേഖലകളിലെ ഭവനനിർമ്മാണം പൂർത്തിയായിട്ടുണ്ടോ; | (ഡി) | സുനാമി ബാധിത മേഖലകളിലെ ഭവനനിർമ്മാണം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉൾപ്പെടെയുള്ള വിവിധ ഏജൻസി/ വകുപ്പുകളാണ് നടത്തിവരുന്നത്. ഭവനനിർമ്മാണ ബോർഡ് നേരിട്ട് നിർമ്മാണം നടത്തുന്നവയിൽ വിവിധ ജില്ലകളിലായി 189 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. |
| (ഇ) താഴ്ന്ന വരുമാനക്കാരെ ലക്ഷ്യമിട്ട് ചുരുങ്ങിയ ചെലവിൽ വീടു നിർമ്മിച്ചു നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (ഇ) | ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>താഴ്ന്ന വരുമാനക്കാരെ ലക്ഷ്യമിട്ട് ചുരുങ്ങിയ ചെലവിൽ വീടു നിർമ്മിച്ചു നൽകുന്ന പദ്ധതിയായ ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. |
| (എഫ്) ഇടത്തരക്കാരായ പ്രവാസികൾക്ക് ചുരുങ്ങിയ ചെലവിൽ ഭവന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ? | (എഫ്) | ഉണ്ട്.<br>കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി ബജറ്റിലൂടെ അനുവദിക്കുന്ന തുക ഉപയോഗിച്ചും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സമാഹരിച്ചും ഗുണഭോക്തൃവിഹിതമായി തുക സമാഹരിച്ചും പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് പുതുക്കിയ ബിൽഡിംഗ് റൂൾ പ്രകാരം പദ്ധതി ആവിഷ്ക്കരിച്ചുവരികയാണ്. |

Sreedevi Kunji

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.322 — 13.07.2010 ൽ മറുപടിയ്ക്ക്

**രാസകീടനാശിനികളുടെയും റേഡിയോ ആക്ടീവ് മൂലകങ്ങളുടെയും ഉപയോഗം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) മനുഷ്യർക്കും ജീവജാലങ്ങൾക്കും ഗുരുതരവും അപകടകരവുമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രാസകീടനാശിനികൾ, രാസവളങ്ങൾ, റേഡിയോ ആക്ടീവ് മൂലകങ്ങൾ എന്നിവയുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം പദാർത്ഥങ്ങളുടെ ഉപയോഗവും വിപണനവും പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; | (ബി) നമ്മുടെ സംസ്ഥാനത്ത് നിരോധിച്ച കീടനാശിനികൾ വിപണനം നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തുവാനായി എല്ലാ കീടനാശിനി ഡിപ്പോകളിലും നിശ്ചിത കാലയളവിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാർ |

പരിശോധന നടത്തി വരുന്നുണ്ട്. ഇന്ത്യയിൽ ഉത്പ്പാദിപ്പിച്ച് വിതരണം നടത്തുന്ന രാസവസ്തുക്കൾ ഒന്നും തന്നെ ഇന്ന് നിരോധിച്ചതായി അറിയുന്നില്ല. (രാസവസ്തുക്കളുടെ ഉപയോഗവും വിപണനവും 1985-ലെ രാസവള നിയന്ത്രണ ഉത്തരവ് ഉപയോഗിച്ച് കേന്ദ്ര ഗവൺമെന്റിന്റെ രാസവള വകുപ്പാണ് നിയന്ത്രിക്കുന്നത്. കീടനാശിനികളെ സംബന്ധിച്ചിടത്തോളം അതിന്റെ നിർമ്മാണം, വിപണനം, ഉപയോഗം തുടങ്ങിയവ നിയന്ത്രിക്കുന്നത് 1968-ലെ ഇൻ സെക്ടിസൈഡ് ആക്ട് പ്രകാരവും 1971-ലെ ഇൻസെക്ടിസൈഡ് റൂൾസ് പ്രകാരവുമാണ്. ഇൻസെക്ടിസൈഡ് ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഇൻസെക്ടിസൈഡ് ബോർഡും രജിസ്ട്രേഷൻ കമ്മിറ്റിയും രൂപീ കരിച്ചിട്ടുണ്ട്.)

| | | | |
|---|---|---|---|
| (സി) | നിരോധിക്കപ്പെടേണ്ട രാസകീട നാശിനികളും രാസവളങ്ങളും കർശനമായും നിരോധിക്കു ന്നതിനും അപകടകരമായ റേഡിയേഷൻ പുറപ്പെടുവിക്കുന്ന മൂലകങ്ങൾ ഉപയോഗിക്കുന്ന സ്വകാര്യ പൊതുമേഖലയിലെ സ്ഥാപനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും തീരുമാനം എടുക്കുമോ ? | (സി) | നിരോധിക്കപ്പെട്ട കീടനാശി നികളായ എൻഡോസൾഫാൻ, DDT മുതലായ കീടനാശിനികളുടെ ഉപയോഗം കർശനമായി നിരോധിക്കുന്നതിനു വേണ്ട എല്ലാ നടപടികളും കൃഷി വകുപ്പിൻെറ ഭാഗത്തു നിന്നും എടുത്തു വരുന്നു. രാസവളങ്ങൾ ഒന്നിൻെറയും ഉപയോഗം നിയമം മൂലം ഇതു വരെയും നിരോധിച്ചിട്ടില്ല. (ഇത് കേന്ദ്ര ഗവൺമെന്റിൻെറ അധികാര പരിധിയിൽ വരുന്ന വിഷയമാണ്.) |

Haseena Kelloth

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 323

13/07/2010 - ൽ മറുപടിക്ക്

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഇ.എസ്. ബിജിമോൾ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. കെ. രാജു : | **ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**(ബഹു. മുഖ്യമന്ത്രി)** |

എ) പാചക വാതകം, മണ്ണെണ്ണ, ഡീസൽ, പെട്രോൾ തുടങ്ങിയ വയുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ ഭീമമായ വർദ്ധനവ് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

ബി) ഈ വിലക്കയറ്റം ഉണ്ടാക്കുന്ന പ്രത്യാ ഘാതങ്ങൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നു വെന്നു വ്യക്തമാക്കുമോ ;

<u>(എ) യും (ബി) യും</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധപ്പിക്കാൻ കേന്ദ്ര സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം ജൂൺ 26 ശനിയാഴ്ച മുതൽ പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നിവയുടെ വില ലിറ്ററൊന്നിന് യഥാക്രമം 3.50 രൂപാ, 2/- രൂപ, 3/- രൂപ എന്ന തോതിൽ വർദ്ധിക്കുകയുണ്ടായി. സിലിണ്ടർ ഒന്നിന് 35/- രൂപയുടെ വർദ്ധനവ് ആണ് പാചകവാതകത്തിന് ഉണ്ടായത്. കൂടാതെ കിരീത് പരിഖ് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ പ്രകാരം പെട്രോളിന്റെ വില നിശ്ചയിക്കാനുള്ള അധികാരം എണ്ണ കമ്പനികൾക്ക് നൽകിയതിലൂടെ ദൂരവ്യാപകമായ പ്രത്യാഘാതം ഉളവാക്കുന്ന തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഉപഭോക്തൃ സംസ്ഥാനമായ കേരളമാണ് പ്രസ്തുത തീരുമാനങ്ങളുടെ ഏറ്റവും ഗുരുതരമായ ഫലം അനുഭവിക്കേണ്ടിവരുന്നത്. ഇത് ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വൻതോതിലുള്ള വിലക്കയറ്റത്തിനും പണപ്പെരുപ്പത്തിനും സാധാരണ ജനങ്ങളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണ മാകുവാനും ഇടവരുത്തും.

പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധനവു മൂലം പൊതു വിപണിയിൽ അവശ്യ വസ്തുക്കൾക്ക് ഉണ്ടാകുന്ന വില വർദ്ധന സിവിൽ സപ്ലൈസ് വകുപ്പ് നിരീക്ഷിച്ചു വരികയാണ്. വിവിധ ജില്ലകളിലെ വില നിലവാരം, സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് തയ്യാറാക്കുന്ന സ്ഥിതി വിവര കണക്കുകൾ, അന്യസംസ്ഥാനങ്ങളിലെ വിലനിലവാരം എന്നീ ഘടകങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കേരളത്തിലെ കമ്പോളങ്ങളിൽ വിലക്കയറ്റം തടയാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നു.

കിലോയ്ക്ക് 12/- രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നു. ഇത് കേന്ദ്രം നൽകുന്നതിനെക്കാൾ കിലോയ്ക്ക് 2/- രൂപാ അധികമാണ്. ബി.പി.എൽ/ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട മുഴുവൻ കാർഡുടമകൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായ നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽ പ്പെട്ട തൊഴിലാളികൾക്കും 'ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് അമ്പതു ദിവസമെങ്കിലും പണി

ചെയ്തിട്ടുള്ളവർക്കും ഈ പദ്ധതി പ്രകാരം കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി വരുന്നു.

നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുന്നതിന് കൂടുതൽ മാവേലി/ശബരി സ്റ്റോറുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുന്നതാണ്.

ഇന്ധന വിലവർദ്ധനവിൻെറ മറവിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യ വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾകൊണ്ടുവരുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതു വിപണിയിലെ കച്ചവട സ്ഥാപനങ്ങളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടുള്ള വിവിധ് നിയന്ത്രണ ഉത്തരവുകളിലെ വകുപ്പുകൾ കർശനമായും ഫലപ്രദമായും നടപ്പിലാക്കി വരുന്നു. കേരളത്തിലെ ഒരു കോടിയിലധികം ജനങ്ങൾ സപ്ളൈകോ വിപണന ശാലകളിലൂടെ സാധനങ്ങൾ വാങ്ങുന്നു. ഇപ്രകാരം സംസ്ഥാനസർക്കാർ സംവിധാനങ്ങൾ ഗൗരവത്തോടെ പ്രവർത്തിപ്പിക്കുന്നതിലൂടെ ന്യായ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കി ജനങ്ങൾക്ക് ആശ്വാസം എത്തിക്കുവാൻ കഴിയുന്നുണ്ട്.

കൃഷി വകുപ്പ്, ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് പച്ചക്കറി വാങ്ങി ഹോർട്ടികോർപ്പ് മുഖാന്തിരം വിതരണം ചെയ്തും ജനങ്ങൾക്ക് ആശ്വാസം നൽകി വരുന്നു.

കൃത്യമമായി വിലക്കയറ്റം സൃഷ്ടിക്കുന്നവർ, പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നവരെ കണ്ടെത്താൻ വകുപ്പുതല നടപടി സ്വീകരിച്ചു കഴിഞ്ഞു.

രണ്ടു രൂപാ അരി വിതരണം അർഹരായവർക്ക് ലഭ്യമാക്കുന്നതിൽ ഉറപ്പു വരുത്താനും, പൊതു വിതരണത്തിനുള്ള ഭക്ഷ്യധാന്യം കരിഞ്ചന്തയിൽ എത്തുന്നത് തടയാനും പഞ്ചായത്ത് നിലവാരത്തിൽ ജനപ്രതിനിധികളടങ്ങുന്ന സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചു.

വരുന്ന രണ്ടു മാസക്കാലത്തേയ്ക്കുള്ള നിത്യോപയോഗ സാധനങ്ങളും, ഭക്ഷ്യധാന്യവും സപ്ളൈകോ ശേഖരിച്ചു കഴിഞ്ഞു.

നിലവിലുള്ള വില നിലവാരം നില നിറുത്താനുള്ള നടപടികളാണ് സർക്കാർ സ്വികരിച്ചു വരുന്നത്.

| | | | |
|---|---|---|---|
| സി) | പ്രസ്തുത വിലവർദ്ധനവ് പിൻവലിക്കണമെന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൻെറ പ്രതികരണം എന്താണെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഇന്ധന വില വർദ്ധനവ് പുന:പരിശോധിക്കണമെന്ന സംസ്ഥാനത്തിൻെറ ശക്തമായ ആവശ്യം നിയമസഭയിൽ ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വിലവർദ്ധനവ് പിൻവലിക്കണമെന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് രാജ്യമെമ്പാടും ഹർത്താൽ ഉൾപ്പെടെയുള്ള പ്രതിഷേധ പരിപാടികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്ധന വില വർദ്ധനവ് പിൻവലിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നിലപാട് അനുകൂലമല്ലയെന്നാണ് പ്രധാനമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ മാദ്ധ്യമങ്ങളിലൂടെ നടത്തിയ പ്രതികരണത്തിൽ നിന്നും മനസ്സിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **324** **13.07.2010** - ൽ മറുപടിക്ക്

**'കലവറ' വഴിയുള്ള മണൽ വിതരണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എ.പി. അനിൽകുമാർ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളുടെ പാർപ്പിടാവശ്യത്തിന് കുറഞ്ഞ വിലയ്ക്ക് മണൽ ലഭ്യമാക്കുന്നതിനായി ആരംഭിച്ച കലവറയുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളത്; | (ബി) | നിലവിൽ കലവറ കേന്ദ്രങ്ങൾ ആരംഭിക്കാത്ത ജില്ലകളിലും താലൂക്ക് ആസ്ഥാനങ്ങളിലും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കലവറകളിൽ കൂടി വിതരണം ചെയ്യുന്ന സാധനസാമഗ്രികൾ സാദ്ധ്യമാകുന്നത്ര വില കുറച്ച് നൽകുന്നതിനായി സംസ്ഥാന തലത്തിൽതന്നെ സംഭരണം നടത്തുന്നതിന് ഉള്ള സംവിധാനങ്ങൾ ആരാഞ്ഞുവരുന്നു.<br><br>സിമന്റ്, കമ്പി പോലുള്ള സാമഗ്രികൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സംരംഭകരിൽ നിന്നും ഗുണമേന്മ ഉറപ്പു വരുത്തിയാണ് ശേഖരിക്കുന്നത്. കൂടാതെ നിർമ്മിതി കേന്ദ്രങ്ങളുടെ ഉല്പാദന ശാലകളിൽ നിന്നുള്ള സാമഗ്രികൾ Material Testing Lab-കളിൽ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പു |

വരുത്തിയാണ് കലവറയിലൂടെ വിതരണം ചെയ്തു വരുന്നത്. കൂടുതൽ Material Testing Lab-കൾ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കലവറയുടെ പ്രവർത്തനങ്ങൾ സുതാര്യവും നീതിപൂർവ്വവും ആക്കുന്നതിൻെറ ഭാഗമായി സംസ്ഥാന തലത്തിൽ തന്നെ പരിശോധന വിഭാഗം തുടങ്ങുന്നതാണ്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന തല പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ഓരോ സാമ്പത്തിക വർഷവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനു പുറമേ സോഷ്യൽ ഓഡിറ്റിംഗും നടത്തുക എന്നീ കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഇപ്പോൾ ഏതൊക്കെ തരത്തിൽ ശേഖരിക്കുന്ന മണലാണ്, കലവറ വഴി കുറഞ്ഞ വരുമാനക്കാരായ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്;

(സി) പ്രധാനമായും മൂന്ന് രീതിയിൽ ലഭിക്കുന്ന മണൽ ആണ് കലവറ വഴി വിതരണം ചെയ്യുന്നത്.

1. വനത്തിനുള്ളിലെ കടവുകളിൽ നിന്നും നിയമാനുസൃതം ലഭിക്കുന്നത്.

2. റിസർവോയർ ഖനനം വഴി ലഭിക്കുന്നത്.

3. അനധികൃതമായി കടത്തുമ്പോൾ പിടിച്ചെടുക്കുന്നത്.

(ഡി) ഇത്തരത്തിൽ വിതരണത്തിനാവശ്യമായ മണൽ ലഭ്യമല്ലാത്തതിനാൽ, ഇവിടെ കൂടുതൽ മണൽ ശേഖരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത രീതിയിൽ വിവിധ വകുപ്പുകളുടെ അംഗീകാരത്തോടെ കൂടുതൽ മണൽ വാരുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

| | | |
|---|---|---|
| (ഇ) മണലിന് പുറമേ മറ്റേതൊക്കെ കെട്ടിട നിർമ്മാണ വസ്തുക്കളാണ് കലവറ വഴി സാധാരണക്കാർക്ക് വിതരണം നടത്താൻ പദ്ധതിയുള്ളത്? | (ഇ) | മണലിന് പുറമേ കെട്ടിട നിർമ്മാണ സാമഗ്രികളായ സിമെന്റ്, കമ്പി എന്നിവയും നിർമ്മിതി കേന്ദ്രങ്ങളുടെ ഉല്പന്നങ്ങളായ ഹോളോ ബ്ളോക്ക്, കോൺക്രീറ്റ് കട്ടിളകൾ മുതലായവയും ഇപ്പോൾതന്നെ കലവറ വഴി വിതരണം ചെയ്തു വരുന്നു. |

Sreedevi Kunji

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 325 13.7.2010-ൽ മറുപടിയ്ക്ക്

## ഗോസുരക്ഷാ പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.ജോർജ്.എം.തോമസ്<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) കന്നുകാലികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന ഗോ സുരക്ഷാ പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; | എ)യും ബി)യും | സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 17/10/എ.ഡി തീയതി:19/1/2010 പ്രകാരം ഗോസുരക്ഷാ പദ്ധതി പത്തനംതിട്ട, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിൽ നടപ്പിലാക്കാൻ ഭരണാനുമതി നല്കിയിട്ടുണ്ട്. മറ്റു മൂന്നു ജില്ലകളിൽ സംസ്ഥാന പദ്ധതിയായും ഗോസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സംസ്ഥാനത്തെ കാലിസമ്പത്തിന്റെ സംരക്ഷണമാണ്. ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% കർഷകനും ബാക്കി സർക്കാർ വിഹിതവുമായാണ് നൽകുന്നത്. ഈ പദ്ധതി പ്രകാരം സങ്കരയിനത്തിലുള്ളതും 2 മുതൽ 10 വയസ്സുവരെ പ്രായമുള്ളതുമായ കറവമാടുകളെ 1 വർഷത്തേക്കോ, 3 വർഷത്തേക്കോ ഇൻഷ്വർ ചെയ്യാവുന്നതാണ്. ഒരു വർഷത്തേക്ക് 2.4% വും 3 വർഷത്തേക്ക് 5.4%വുമാണ് പ്രീമിയം നിരക്ക്. അപകട മരണം , പകർച്ചവ്യാധികൾ പ്രകൃതി ദുരന്തം മൂലമുള്ള മരണം, കൂടാതെ ഉല്പാദന ക്ഷമതകുറയുകയോ അംഗവൈകല്യമുണ്ടാവുകയോ ചെയ്താലും ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നല്കുന്നു. |
| ബി) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | | |

സി) ഇൻഷ്വറൻസിനായി കന്നുകാലി കർഷകർ നൽകേണ്ട പ്രീമിയം എത്ര രൂപയാണ് ; സർക്കാർ വിഹിതമായി എത്ര രൂപ നൽകുമെന്ന് അറിയിക്കുമോ;

സി) പ്രീമിയത്തിന്റെ 50% കർഷകർ നൽകേണ്ടതാണ്. കന്നുകാലികളുടെ മാർക്കറ്റ് വില നിശ്ചയിച്ച് ഇൻഷ്വർ ചെയ്യുന്ന പ്രീമിയത്തിന്റെ 50% കർഷകർ നൽകിയാൽ മതി. പ്രീമിയം തുകയുടെ ബാക്കി 50% കേന്ദ്ര സർക്കാർ വിഹിതമാണ്. ഇതു പ്രകാരം 10,000 രൂപ വിലവരുന്ന കന്നുകാലിയെ ഇൻഷ്വർ ചെയ്യാൻ 120 രൂപ മാത്രം ഒടുക്കിയാൽ മതി.

ഡി) ഗോസുരക്ഷാ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ ;

ഡി) 11 ജില്ലകളിൽ കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടുകൂടിയും മൂന്ന് ജില്ലകളിൽ സംസ്ഥാന സർക്കാർ പദ്ധതിയായും ഗോസുരക്ഷ ഇൻഷ്വറൻസ് നടപ്പിലാക്കി വരുന്നു.

ഇ) കന്നുകാലികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് മൃഗാശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ? എങ്കിൽ വിശദമാക്കുമോ ?

ഇ) ഉണ്ട്. മൃഗാശുപത്രിയിൽ മരുന്നുകൾ വാങ്ങി ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള '' മൃഗചികിത്സാസേവനങ്ങളുടെ പുന.സംഘടനയും ശക്തിപ്പെടുത്തലും '' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 23 കോടി നീക്കിവെച്ചിട്ടുണ്ട്. ഇതിൽ 10 കോടി രൂപ മരുന്നുകൾ വാങ്ങി സൗജന്യമായി മൃഗാശുപത്രികൾ വഴി നൽകുന്നതിനാണ്. മൃഗചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 12 കോടി രൂപയും വിനിയോഗിക്കുന്നതാണ്. ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ എന്റോസ്കോപ്പി, അൾട്രാ സൗണ്ട് സ്കാനർ തുടങ്ങിയവയടക്കമുള്ള ആധുനിക രോഗനിർണ്ണയ ഉപകരണങ്ങൾ ലഭ്യമാക്കി ടി കേന്ദ്രങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. മൃഗാശുപത്രികൾ വഴി അകിടുവീക്കം, കുളമ്പുരോഗം തുടങ്ങിയ സാമ്പത്തിക പ്രാധാന്യമുള്ള രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് /നിയന്ത്രണ നടപടികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ 24

മണിക്കൂറും ചികിത്സ ലഭ്യമാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കുന്നതാണ്. കുളമ്പ്രോഗം ആന്ത്രാക്സ്, അകിടുവീക്കം തുടങ്ങിയ രോഗങ്ങളുടെ നിയന്ത്രണത്തിനായി 5.5 കോടി രൂപയും, വാക്സിനുകളുടെയും മറ്റും ഉല്പാദനത്തിനായി 2.5 കോടി രൂപയും ചെലവഴിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 326

13/07/2010 - ൽ
മറുപടിക്ക്

## വെട്ടിക്കുറച്ച മണ്ണെണ്ണ പുന:സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി. തിലോത്തമൻ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. വി.എസ്. സുനിൽ കുമാർ : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) എങ്കിൽ നിലവിലുണ്ടായിരുന്ന ക്വാട്ട എത്രയെന്നും വെട്ടിക്കുറച്ചത് എത്ര യെന്നും വെളിപ്പെടുത്തുമോ ; | (ബി) | 2010 മാർച്ച് 31 വരെ 23,160 കിലോ ലിറ്റർ മണ്ണെണ്ണ പ്രതിമാസം കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്നു. എന്നാൽ 2010 ഏപ്രിൽ 1 മുതൽ പ്രസ്തുത ക്വാട്ട പ്രതിമാസം 18,756 കി.ലിറ്റർ ആയി വെട്ടിക്കുറച്ചിട്ടുണ്ട്. അതായത് 4,404 കി. ലിറ്ററിൻെറ കുറവ്. |
| സി) വെട്ടിക്കുറച്ച മണ്ണെണ്ണ ക്വാട്ട പുന: സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര സർക്കാരിൻെറ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | വെട്ടിക്കുറച്ച മണ്ണെണ്ണ പുന:സ്ഥാപിക്കണമെന്ന് 19/04/2010-ൽ കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്ത് പാചകവാതക കണക്ഷനുകളുടെ എണ്ണം 44.68 ലക്ഷത്തിൽ നിന്നും 60.21 ലക്ഷമായി ഉയർന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് പാചക ആവശ്യത്തിന് പൊതുവിതരണ സംവിധാനം വഴി നൽകുന്ന മണ്ണെണ്ണയുടെ ആവശ്യകതയിലും, വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിച്ചതു മൂലം വിളക്ക് തെളിയിക്കുന്നതിനായി ഉപയോഗിച്ചു വന്ന മണ്ണെണ്ണയുടെ ആവശ്യകതയിലും ഗണ്യമായ കുറവുണ്ടാകുമെന്ന നിഗമനത്തിലാണ് മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതെന്നാണ് ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിൻെറ മറുപടി. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 327 — 13.07.2010-ൽ മറുപടിയ്ക്ക്

## സൈലന്റ് വാലിയിലെ ജൈവവൈവിധ്യ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി.<br>ശ്രീ. കെ. ബാബു. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. സൈലന്റ് വാലിയിൽ ജൈവ വൈവിധ്യ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | എ. സൈലന്റ് വാലിയിൽ ജൈവവൈവിധ്യ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായി ഒരു പദ്ധതിരേഖ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഗവേഷണ കേന്ദ്രത്തിന് ഇനിയും കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക അനുമതി ലഭിച്ചിട്ടില്ല. |
| ബി. ഈ കേന്ദ്രത്തിന് ആകെ എത്ര കോടി രൂപയാണ് ചെലവ് വേണ്ടി വരുന്നത് ; | ബി. ഈ ഗവേഷണ കേന്ദ്രത്തിന് ആദ്യ അഞ്ചു വർഷത്തേക്ക് വേണ്ടി വരുന്ന ചെലവ് ഏകദേശം 10.65 കോടി രൂപയാണ്. |
| സി. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിൽ നിന്നും എന്തൊക്കെ റിപ്പോർട്ടുകളും വിശദീകരണങ്ങളുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. | സി. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാർ റിപ്പോർട്ടുകളോ, വിശദീകരണങ്ങളോ നാളിതുവരെ ആവശ്യപ്പെട്ടിട്ടില്ല. |
| ഡി. ആദ്യഘട്ട നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങാനാകും എന്ന് വ്യക്തമാക്കുമോ ? | ഡി. കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക അനുമതിയും സാമ്പത്തിക സഹായവും ലഭിച്ചാലുടൻ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനം തുടങ്ങാനാകും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നം 328 | 13.07.2010-ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ.വി.എസ്. അച്യുതാനന്ദൻ (ബഹു. മുഖ്യമന്ത്രി) |
| (എ) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം എന്നിവയുടെ ചികിത്സക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ)യും (ബി) യും<br>സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരും വിവിധ രോഗങ്ങൾക്ക് ചികിൽസ തേടുന്നവരുമായവർക്കും, അപകട മരണം, ദുരന്തസംഭവങ്ങൾക്കിരയാകുന്നവർക്കും അടിയന്തിര ഘട്ടത്തിൽ ആശ്വാസ ധനം അനുവദിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ളതാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. വ്യക്തികളും സ്ഥാപനങ്ങളും കാലകാലങ്ങളിൽ നൽകുന്ന സംഭാവനയാണ് ഇതിന്റെ പ്രവർത്തനമൂലധനം. അപ്രതീക്ഷിത ദുരന്തങ്ങൾ മൂലവും സഹായ ധനത്തിന് അർഹരായവരുടെ എണ്ണം വളരെ കൂടുതലായതിനാലും ഈ നിധിയിലേക്ക് സർക്കാർ തന്നെ ഫണ്ട് അനുവദിച്ചാണ് ആശ്വാസം നൽകിവരുന്നത്. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ചെലവേറിയ രോഗ ചികിൽസയ്ക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം തല്ക്കാലം പരിശോധിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) മരുന്നുകൾക്കും ചികിത്സക്കും ചെലവേറിയ സാഹചര്യത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന സഹായധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.329 — 13.7.2010 ൽ മറുപടിയ്ക്ക്

## ലോട്ടറി ക്ഷേമനിധി

**ചോദ്യം** — **ഉത്തരം**

ശ്രീ.എം.ഹംസ
ശ്രീ.ബാബു.എം.പാലിശ്ശേരി
ശ്രീ.കെ.കുഞ്ഞഹമ്മത് മാസ്റ്റർ
ശ്രീമതി.കെ.കെ.ലതിക

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ലോട്ടറി ക്ഷേമനിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 2008 ആഗസ്റ്റ് 8-ാം തീയതി എറണാകുളം ടൗൺ ഹാളിൽ വച്ച് ക്ഷേമനിധിയുടെ സംസ്ഥാന തല ഉൽഘാടനവും കേരള ഭാഗ്യക്കുറിയെ സംബന്ധിച്ച എക്സിബിഷനും നടത്തുകയുണ്ടായി. ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനായി ശരിയായ ദിശാബോധം സൃഷ്ടിക്കുന്നതിന് 3 ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ജീവനക്കാർക്ക് ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ സഹായത്തോടെ അക്കൗണ്ടിംഗ് പരിശീലനവും കെൽട്രോണിന്റെ സഹായത്തോടെ സോഫ്റ്റ്‌വെയർ പരിശീലനവും നൽകിയിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ആകെ വിറ്റു വരവിന്റെ ഒരു ശതമാനമാണ് ബോർഡിന് ലഭിക്കുന്ന സർക്കാർ വിഹിതം. 2009 ജനുവരി മാസം മുതൽ മെമ്പർഷിപ്പ് രജിസ്ട്രേഷൻ ആരംഭിച്ചു. ലോട്ടറി തൊഴിലാളികൾ അസംഘടിത മേഖലയിൽപ്പെടുന്നവരാകയാൽ നിരന്തര ശ്രമങ്ങളിലൂടെ മാത്രമേ ഇവരെ പദ്ധതിയിൽ ചേർക്കുന്നതിന് സാധിക്കുകയുള്ളൂ. 7.7.2010 വരെ 9683 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിൽ |

| | | | |
|---|---|---|---|
| | | | തൊഴിലെടുക്കുന്നവരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവാണെങ്കിലും തുടർ പ്രവർത്തനങ്ങളിലൂടെ അംഗങ്ങളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം നടത്തി വരികയാണ്.<br>മറ്റ് ക്ഷേമ നിധികളിലെ ക്ഷേമ പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ ഭാഗ്യക്കുറി ക്ഷേമ നിധി വളരെ മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് നൽകുന്നത്. ലോട്ടറി വിൽപന ഗണ്യമായി ഉയർത്താനുള്ള പ്രചോദനം കൂടിയാണ് ക്ഷേമപദ്ധതികൾ. ക്ഷേമാനുകൂല്യങ്ങൾ ഇനി പറയുന്നവയാണ്. പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ഇൻഷ്വറൻസ് സഹായം, ചികിൽസാ സഹായം, വായ്പകൾ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, മരണാനന്തര സാമ്പത്തിക സഹായം, കൂടാതെ 60 വയസ്സിനു മുകളിൽ പ്രായമുള്ള ഏജന്റിന്/വിൽപനക്കാരന് അംഗത്വമെടുക്കുന്നതിന് മുമ്പ് 5 വർഷം സ്ഥിരമായി ഭാഗ്യക്കുറി വിൽപനയിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് ഭാഗ്യക്കുറി മേഖലയിലെ രജിസ്റ്റേർഡ് ട്രേഡ് യൂണിയൻ സാക്ഷ്യപ്പെടുത്തിയാൽ അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയായാൽ ബോർഡിന്റെ അനുമതിയോടെ പ്രത്യേക പെൻഷൻ നൽകുന്നതാണ്. അംഗങ്ങൾക്ക് 2010 ജൂലൈ അവസാന വാരത്തോടു കൂടി നൽകാൻ കഴിയുന്ന വിധം തിരിച്ചറിയൽ കാർഡ് തയ്യാറാക്കി വരികയാണ്. |
| (ബി) | ക്ഷേമനിധിയിൽ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; | (ബി) | 9683 പേർ |
| (സി) | ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യം വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോ; | (സി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഡി) | ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; | (ഡി) | 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ള ഒരു മാസത്തിൽ പതിനായിരം രൂപയുടെയോ, മൂന്നു മാസത്തിൽ മുപ്പതിനായിരം രൂപയുടെയോ ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപന നടത്തിയിട്ടുള്ള അംഗീകൃത ഏജൻസി കൈവശമുള്ള ഭാഗ്യക്കുറി ഏജന്റിനോ യഥാർത്ഥ വിൽപനാവകാശമുള്ള ഭാഗ്യക്കുറി വിൽപനക്കാരനോ ക്ഷേമനിധിയിൽ അംഗമാകാൻ അർഹതയുണ്ട്.<br>60 വയസ്സിനുമുകളിൽ പ്രായമുള്ള ഒരു ഏജന്റിനോ വിൽപനക്കാരനോ തൊട്ടുമുമ്പുള്ള 5 വർഷം സ്ഥിരമായി ഭാഗ്യക്കുറി ടിക്കറ്റ് വിൽപന നടത്തുന്നുവെന്ന് ഏജന്റുമാരുടെ/വിൽപനക്കാരുടെ ട്രേഡ് യൂണിയൻ സാക്ഷ്യപ്പെടുത്തിയാൽ ഈ പദ്ധതി നിലവിൽ വന്ന 21.10.09 മുതൽ ഒരു വർഷത്തിനകം സ്പെഷ്യൽ പെൻഷൻ പദ്ധതിയിൽ ചേരാവുന്നതാണ്. ഇങ്ങനെ ചേരുന്ന അംഗം മൂന്നു മാസം കൊണ്ട് പതിനായിരം രൂപയുടെ ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപന നടത്തേണ്ടതാണ്.<br>1991 ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ ക്ഷേമനിധിയിൽ അംഗത്വമുള്ള അംഗത്തിന് പുതിയ ക്ഷേമനിധിയിൽ ചേരാവുന്നതാണ്. 1991 ലെ ക്ഷേമനിധിയിലെ അംഗത്വകാലാവധിയുടെ പകുതി ഈ ക്ഷേമനിധിയിൽ ഇതിനായി കണക്കാക്കും. ഇക്കാര്യത്തിൽ ഒരു വർഷത്തിന്റെ അംശം പൂർണ്ണ വർഷമായി പരിഗണിക്കപ്പെടും. |
| (ഇ) | ക്ഷേമനിധിയിൽ നിന്നും എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഇ) | 232 പേർക്ക് |

Chandini B

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : **330*** 13.7.2010 ൽ മറുപടിക്ക്

## നിർദ്ദിഷ്ട മലയോര ഹൈവെ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി ജോർജ്:<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ:<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി: | ഡോ റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) എങ്കിൽ ഈ പാത എവിടെനിന്ന് ആരംഭിച്ച് ഏതെല്ലാം ജില്ലകളിലൂടെ കടന്നുപോകുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) നിർദ്ദിഷ്ട മലയോര ഹൈവേ കാസർകോട് ജില്ലയിലെ നന്ദാരപ്പദവിൽ നിന്നാരംഭിച്ച് കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലൂടെ കടന്ന് തിരുവനന്തപുരം ജില്ലയിലെ കടുക്കറയിൽ അവസാനിക്കുന്നു. |
| സി) പ്രസ്തുത പാതയ്ക്ക് എത്ര കിലോമീറ്റർ ദൈർഘ്യമുണ്ടാകും; വീതി എത്ര മീറ്റർ ആയിരിക്കും എന്നിവ വിശദമാക്കുമോ ; | (സി) മലയോര ഹൈവേയ്ക്ക് ഏകദേശം 1157 കിലോ മീറ്റർ ദൈർഘ്യമുണ്ടാകും. സംസ്ഥാന ഹൈവേയുടെ നിലവാരത്തിൽ 30 മീറ്റർ വീതിയിലാണ് ഹിൽഹൈവേ വികസിപ്പിക്കേണ്ടതെന്ന് നിശ്ചയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് എത്രയാണ്; നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശങ്ങൾ നൽകുമോ ? | (ഡി) ആകെ ചെലവ് കണക്കാക്കിയിട്ടില്ല. കണ്ണൂർ ജില്ലയിലെ 15 കി.മീ. ഭാഗത്ത് ഇതിനകം പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ